# ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം



## നീതിവേദി

JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT

# കേരളത്തിൽ പോക്സോ നിയമം നടപ്പിലാക്കിയത് സംബന്ധിച്ച

*– പ്രവർത്തനാധിഷ്ഠിത ഗവേഷണ പഠനം*

# നീതിവേദി

രജി. നമ്പർ 711/2003,
സുധിക്കവല, കാക്കവയൽ പി.ഒ., കൽപ്പറ്റ നോർത്ത്,
വയനാട് ജില്ല, കേരളം- 673 122
ഫോൺ 04936- 246788, ഇമെയിൽ- neethivedhi@gmail.com
വെബ്-www.neethivedhi.org

# <u>പോക്സോ നിയമം</u>

## ഉള്ളടക്കം


**അദ്ധ്യായം 1 – ആമുഖം** 5

1.1 പഠന വിഷയം

1.2 പഠനത്തിന്റെ ആവശ്യകത

1.3 പഠന ലക്ഷ്യങ്ങൾ

1.4 സാങ്കൽപ്പിക സിദ്ധാന്തം

**അദ്ധ്യായം 2 – വിഷയത്തെ സംബന്ധിച്ച പുനരവലോകനം** 7

2.1 ബാല ലൈംഗിക ചൂഷണങ്ങൾ

2.2 ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമങ്ങൾ 2012

2.3 ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ചട്ടങ്ങൾ 2012

2.4 ആദിവാസികളും പോക്സോ നിയമവും

**അദ്ധ്യായം 3 – ഗവേഷണ പഠനം** 16

3.1 ചോദ്യാവലി തയ്യാറാക്കൽ

3.2 മാതൃകാ രൂപരേഖ

3.3 പഠന പരിധി

3.4 പഠനത്തിന്റെ ഘടകം

3.5 വിവരശേഖരണം – വിവരാവകാശ അപേക്ഷ വഴി

3.6 വിവരശേഖരണം – നേരിട്ട് ശേഖരിച്ച വിവരങ്ങൾ

3.7 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

3.8 പഠനത്തിന്റെ പരിമിതികൾ

3.9 വിവര വ്യാഖ്യാനവും വിശകലനവും

**അദ്ധ്യായം 4 – ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ** 27

6.1 ഉദ്യോഗസ്ഥരും പൊതു പ്രവർത്തകരുമായുള്ള യോഗം

6.2 നേരിട്ട് സർവ്വെ നടത്തിയവരുമായുള്ള യോഗം

**അദ്ധ്യായം 5 – പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ** 31

**അദ്ധ്യായം 6 – ശുപാർശകൾ (*Recommendations*)** 34

## ആദരവോടെ

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം സംബന്ധിച്ച പ്രവർത്തനാധിഷ്ഠിത ഗവേഷണ പഠനത്തിന് സാമ്പത്തിക സഹായം നൽകിയ മെൻസെൻ മെറ്റ് ഈൗൻ മിസ്സി (Mensen met een Missie) സംഘടനയ്ക്ക് ഞങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

പഠനത്തിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയ ബാലാവകാശ കമ്മീഷൻ, മലപ്പുറം, പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ കോടതികൾ, ചൈൽഡ് വെൽഫെയർ കമ്മറ്റികൾ, ജില്ലാ പോലീസ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെചുമതലപ്പെട്ടവരുടെ സേവനം നന്ദിയോടെ ഓർക്കുന്നു.പീഡനങ്ങൾക്കിരകളായ കുട്ടികളുമായി നേരിട്ട് അഭിമുഖം നടത്തിയ നീതിവേദി ഫീൽഡ് പ്രവർത്തകർക്കും നന്ദി അറിയിക്കുന്നു.

പഠനത്തിലെ കണ്ടെത്തലുകൾ പങ്കുവെക്കുന്നതിനായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ പങ്കെടുത്തസർക്കാർ വകുപ്പുകളിലെയും വിവിധ സംഘടനകളിലെയും പ്രതിനിധികൾക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

പഠനത്തിലുടനീളം മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും നൽകിയ നീതിവേദി പ്രസിഡന്റ് അഡ്വ. മരിയ, ഗവേർണിംഗ് ബോഡി അംഗങ്ങൾ, റിപ്പോർട്ട് തയ്യാറാക്കിയ ഓഫീസ് സ്റ്റാഫംഗങ്ങൾ എന്നിവരെ നന്ദിപൂർവ്വം ഓർക്കുന്നു.

കുട്ടികളുടെ ശോഭനമായ ഭാവിക്കുവേണ്ടി തീരുമാനങ്ങളെടുക്കാനും നടപടികൾ ആവിഷ്ക്കരിക്കാനും ചുമതലപ്പെട്ട എല്ലാവർക്കും ഈ ഗവേഷണ പഠനം ഉപകാരപ്രദമാകുമെന്ന പ്രതീക്ഷയോടെ,

നന്ദിപൂർവ്വം,

**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**
ഡയറക്ടർ, നീതിവേദി

# അദ്ധ്യായം 1 – ആമുഖം

2012 നവംബർ 14-ാം തിയ്യതി ശിശുദിനത്തിലാണ് ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (The Protection Of Children from Sexual Offences Act-2012) (POCSO) നടപ്പിൽ വന്നത്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ചില വകുപ്പുകളിൽ ബാലലൈംഗിക പീഡനങ്ങൾ സംബന്ധിച്ച് പരാമർശങ്ങൾ ഉണ്ടെങ്കിലും ഈ കുറ്റത്തിന്റെ പ്രത്യേക സാഹചര്യവും ഇരകളാക്കപ്പെടുന്നവരുടെ മാനസിക-ശാരീരിക-സാമൂഹിക പ്രത്യാഘാതങ്ങളും തെളിവുനിയമത്തിന്റെ പ്രത്യേകതകളും കണക്കിലെടുത്താണ് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ നേരിടാൻ പ്രത്യേക നിയമം ആവശ്യമാണെന്ന് പാർലമെന്റ് തീരുമാനിച്ചത്. കുട്ടികളോട് അതിക്രമം കാണിക്കുന്നത് ഭാവി തലമുറയോട് മാത്രമല്ല മനുഷ്യകുലത്തോട് തന്നെ ചെയ്യുന്ന അതീവ ഗുരുതരമായ കുറ്റകൃത്യമാണ് എന്ന ബോദ്ധ്യമാണ് ഈ നിയമം കൊണ്ടുവരാൻ ഭരണകർത്താക്കളെ പ്രേരിപ്പിച്ചത്. നിയമം നടപ്പിലായി അഞ്ചുവർഷം പൂർത്തിയായ ഘട്ടത്തിൽ കേരളത്തിൽ പോക്സോ നിയമം നടപ്പിലാക്കുന്നതിനെപ്പറ്റിയുള്ള ഗൗരവമായ വിചിന്തനം ആവശ്യമാണെന്നധാരണയിലാണ് ഇതുസംബന്ധിച്ചഗവേഷണ പഠനം നടത്താൻ ജനറൽ ബോഡി നിശ്ചയിച്ചത്.നീതിവേദി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്ന ആദിവാസി സമൂഹത്തെ ഈ നിയമം ഏതുവിധത്തിൽ ബാധിക്കുന്നു എന്നും വിലയിരുത്തപ്പെടേണ്ടതുണ്ട് എന്ന അഭിപ്രായവും ഗവേർണിംഗ് ബോഡിയിൽ ഉണ്ടായി.

മറ്റു വിഷയങ്ങളിൽ നിന്നും വ്യത്യസ്തമായി ലൈംഗിക അതിക്രമങ്ങൾക്കു വിധേയരാക്കപ്പെട്ട കുട്ടികളെപ്പറ്റിയുള്ള പഠനം സാധാരണ രീതിയിലുള്ള സർവ്വേകളിലൂടെയും അഭിമുഖങ്ങളിലൂടെയും നടത്താനാവില്ല. കുറ്റകൃത്യത്തിനിരകളാകുന്ന കുട്ടികളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതുണ്ട്.പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ അറിയാൻകേരള സംസ്ഥാന ബാലാവകാശ കമ്മീഷനിലുംആദിവാസികൾ കൂടുതൽ വസിക്കുന്ന വയനാട്, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ കോടതികൾ, ചൈൽഡ് വെൽഫെയർ കമ്മറ്റികൾ, ജില്ലാ പോലീസ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വിവരാവകാശ അപേക്ഷകൾ നൽകി. ഇതിനുപുറമെ നീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങൾ പ്രവർത്തിക്കുന്ന മേഖലകളിൽ അവർക്ക് വ്യക്തിപരമായി പരിചയമുള്ള ഏതാനും ചൂഷണത്തിനിരകളായ കുട്ടികളുമായി നേരിട്ട് സംസാരിച്ച് വിവരങ്ങൾ ശേഖരിച്ചു. അപ്രകാരം ലഭിച്ച വിവരങ്ങളിലെ പ്രാഥമിക കണ്ടെത്തലുകൾ രണ്ട് ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ അവതരിപ്പിച്ചപ്പോൾലഭിച്ച പ്രതികരണങ്ങൾക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ശാസ്ത്രീയമായ ഒരു പഠനരേഖ എന്നതിനേക്കാൾ പ്രായോഗികമായി ഇടപെടലുകൾ നടത്താൻ സഹായകരമായരീതിയിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകൾക്കും, സംഘടനകൾക്കും, ഈ പ്രത്യേക നിയമം കൈകാര്യം ചെയ്യുന്നവർക്കും, പൗരസമൂഹത്തിനും, ഈ പഠനം ഉപകാരപ്രദമാകുമെന്ന പ്രതീക്ഷയോടെ ഈ പഠന റിപ്പോർട്ട് തുടർപഠനങ്ങൾക്കും ഇടപെടലുകൾക്കുമായി സമർപ്പിക്കുന്നു.

### 1.1 പഠന വിഷയം

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം കേരളത്തിൽ, പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ, നടപ്പിലാക്കിയത് സംബന്ധിച്ചുള്ള പഠനം.

### 1.2 പഠനത്തിന്റെ ആവശ്യകത

പോക്സോ നിയമം നടപ്പിലാക്കി അഞ്ചുവർഷം പൂർത്തിയായ സാഹചര്യത്തിൽ വേണ്ടത്ര പ്രതിബദ്ധതയോടും ഇച്ഛാശക്തിയോടും കൂടി കുട്ടികളുടെ പക്ഷത്തുനിന്ന് ഈ നിയമം നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരികൾ താൽപ്പര്യമെടുക്കുന്നുണ്ടോ എന്നുംചൂഷണത്തിന് ഇരകളാക്കപ്പെട്ടവർക്ക് നീതി ലഭിക്കുന്നുണ്ടോ എന്നുംആദിവാസി സമൂഹങ്ങളെ ഈ നിയമം ഏത് വിധത്തിൽ ബാധിക്കുന്നു എന്നും പരിശോധിക്കാൻവസ്തുനിഷ്ഠമായ പഠനത്തിന്റെ ആവശ്യമുണ്ട്. ഈ പഠനത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ നീതിവേദി സംഘടിപ്പിക്കുന്ന ബോധവത്ക്കരണ പരിപാടികളിൽ ഉപയോഗിക്കാനും പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന കാര്യങ്ങൾ സർക്കാരിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്താനുംസഹായകരമാകും. പോക്സോ നിയമം സംബന്ധിച്ച് ആദിവാസി നേതാക്കളിലും ചില പൊതുപ്രവർത്തകരിലും ഉണ്ടായിരിക്കുന്ന ധാരണ സംബന്ധിച്ച് വ്യക്തത ഉണ്ടാകേണ്ടതുമുണ്ട്.നിയമം സംബന്ധിച്ച് ഉണ്ടായിരിക്കുന്ന തെറ്റിദ്ധാരണകളും ഭീതിയും അകറ്റാനും ഇത്തരം പഠനം സഹായിക്കും. കൂടാതെ നിയമത്തിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികളുംനിയമം കാര്യക്ഷമമായി നടപ്പിലാക്കാൻ സഹായകരമായ നിർദ്ദേശങ്ങളും ബന്ധപ്പെട്ടവരിലെത്തിക്കാനും ഈ പഠനം സഹായകരമാകുമെന്നാണ് പ്രതീക്ഷ.

### 1.3 പഠന ലക്ഷ്യങ്ങൾ

- കേരളത്തിൽ പോക്സോ നിയമം നടപ്പിലാക്കിയത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തുക.
- കോടതികളും അന്വേഷണ ഏജൻസികളും നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
- പോക്സോ നിയമം ആദിവാസി സമൂഹത്തെ ഏത് വിധത്തിൽ ബാധിക്കുന്നു എന്ന് വിലയിരുത്തുക.
- നിയമം ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുക.
-

### 1.4 സാങ്കൽപ്പിക സിദ്ധാന്തം

കേരള സംസ്ഥാനത്ത് പൊതുവിലും ആദിവാസി മേഖലകളിൽ പ്രത്യേകിച്ചും പോക്സോ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നില്ല.

# അദ്ധ്യായം 2 - വിഷയത്തെ സംബന്ധിച്ച പുനരവലോകനം

കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയുള്ള അവബോധം ലോകത്തിലെങ്ങും വർദ്ധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാം ജീവിച്ചുവരുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവും ബുദ്ധിപരവുമായ വളർച്ചയും അവരുടെ സാമൂഹ്യ വികാസവും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. കുട്ടികളുടെ സ്വകാര്യതയും അന്തസ്സും നശിപ്പിക്കുന്നതിന് ഒരാൾക്കും അധികാരമില്ല. കുട്ടികളുടെ നൻമ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഏകോപിപ്പിക്കാനും സർക്കാരിനും സാമൂഹ്യ സംഘടനകൾക്കും ഒരുപോലെ ചുമതലയുണ്ട്.

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 ൽ പാർലമെന്റ് പാസ്സാക്കിയത് എല്ലാ വിധത്തിലുമുള്ള ലൈംഗിക ചൂഷണങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. അതോടൊപ്പം ശിശു സൗഹൃദ രീതിയിൽ വിചാരണകൾ നടത്താനും കുറ്റവാളികൾക്ക് കഠിനമായ ശിക്ഷ നൽകാനും സാധിക്കുക എന്നത് നിയമത്തിന്റെ ലക്ഷ്യമായിരുന്നു. 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ കുട്ടികളും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. കോടതി സംവിധാനങ്ങളിൽ വീണ്ടും ഇരകളാക്കപ്പെടുന്ന അവസ്ഥ ഇല്ലാതാക്കണമെന്ന ഉദ്ദേശത്തോടെ പാർലമെന്റ് പാസ്സാക്കിയ ഈ നിയമത്തിന് 2012 ജൂൺ 19-ാം തിയ്യതി പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചു. പിറ്റേ ദിവസം പ്രസ്തുത നിയമം ഇന്ത്യാ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ നിയമമനുസരിച്ച് കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള അറിവ് ലഭിക്കുന്ന ഒരു വ്യക്തി അക്കാര്യം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക എന്നത് നിയമപരമായ ബാധ്യതയാണ്. അപ്രകാരം അറിയിക്കാത്തവർക്ക് 6 മാസം തടവും പിഴയും ലഭിക്കുമെന്ന് നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചൂഷണത്തിനിരകളായ കുട്ടികളുടെ മൊഴി 30 ദിവസത്തിനുള്ളിൽ എടുത്തിരിക്കണമെന്നും ഒരു വർഷത്തിനുള്ളിൽ കേസ് നടപടികൾ പൂർത്തിയാക്കണമെന്നും വ്യവസ്ഥയുണ്ട്.

## 2.1 ബാല ലൈംഗിക ചൂഷണങ്ങൾ

ബാലലൈംഗിക ചൂഷണങ്ങൾ വളരെ വ്യാപകമാണ്. എല്ലാ പ്രായത്തിലുമുള്ള കുട്ടികൾ ചൂഷണങ്ങൾക്കിരകളാക്കപ്പെടുന്നു. കൗമാരക്കാരായ പെൺകുട്ടികളിൽ മൂന്നിലൊന്നിൽ കൂടുതൽ വിവിധ തരം പീഡനങ്ങൾക്കിരകളാകുന്നു എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. മോശമായ വാക്കുകൾ, തെറ്റായ സ്പർശനം, അശ്ലീല ചിത്രങ്ങളും വീഡിയോകളും, ലൈംഗിക ചുവയുള്ള മെസ്സേജുകൾ തുടങ്ങിയവ മുതൽബലാംത്സംഗവും കൊലപാതകവും വരെയെത്തുന്ന വിവിധ രീതിയിലുള്ള അതിക്രമങ്ങളാണ് കുട്ടികൾ നേരിടേണ്ടി വരുന്നത്. കുട്ടികൾ എല്ലാ വിധത്തിലുമുള്ള ആളുകളിൽ നിന്നും ചൂഷണങ്ങൾക്ക് വിധേയരാകുന്നു. രക്ഷിതാക്കൾ, ബന്ധുക്കൾ, അയൽവക്കക്കാർ, കൂട്ടുകാർ, കച്ചവടക്കാർ, അദ്ധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവരിൽ നിന്നൊക്കെ അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന കുട്ടികളാണ് നമുക്ക് ചുറ്റുമുള്ളത്.

ലൈംഗിക അതിക്രമങ്ങൾക്കിരകളാകുന്ന കുട്ടികൾ അനുഭവിക്കേണ്ടിവരുന്ന പരിണിത ഫലങ്ങൾ വളരെ ഗുരുതരമാണ്. കുട്ടികളുടെ ബാല്യം ഇല്ലാതാകുന്നു, സൗഹൃദങ്ങൾ നിഷേധിക്കപ്പെടുന്നു, ആരോഗ്യപരമായ ബന്ധങ്ങൾ ഇല്ലാതാകുന്നു, വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു, ആത്മവിശ്വാസം കുറയുന്നു, മാനസിക സമ്മർദ്ധത്തിനും വിഷാദരോഗങ്ങൾക്കും അടിമകളാകുന്നു, അതിയായ ശാരീരിക ക്രൂരതക്കും, പക്വതയെത്തുന്നതിന് മുമ്പുള്ള ഗർഭധാരണത്തിനുംഇരകളാകുന്നു, തുടങ്ങിയവയെല്ലാം കുട്ടികൾ അനുഭവിക്കുന്ന ദുരന്തങ്ങളാണ്.

## 2.2 **ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012**

കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ സമൂഹത്തിൽ ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ലൈംഗികകുറ്റകൃത്യങ്ങൾക്ക് ഇരകളാക്കപ്പെടുന്നതിൽ നിന്നും നമ്മുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 2012 നവംബർ 14ന് കുട്ടികൾക്കുള്ള സർക്കാരിന്റെ ശിശുദിന സമ്മാനമായി നിലവിൽ വന്ന നിയമമാണ് ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (The Protection Of Children from Sexual Offences Act) 2012.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15(3) കുട്ടികൾക്കുവേണ്ടി പ്രത്യേക സംരക്ഷണ നിയമനിർമ്മാണം നടത്താൻ അനുവാദം നൽകുന്നുണ്ട്. കുട്ടികളെ അനധികൃത ലൈംഗികഇടപാടുകളിലേക്കും ലൈംഗിക കുറ്റകൃത്യങ്ങളിലേക്കും വലിച്ചിഴക്കുകയും ഇത്തരം കാര്യങ്ങൾക്ക് പ്രേരിപ്പിക്കുന്നതുമായ പ്രവർത്തികളിൽ നിന്നും സംരക്ഷിക്കേണ്ടതിനായി വിവിധ തലത്തിലുള്ള നടപടികൾ ആവശ്യമാണെന്ന് ഐക്യരാഷ്ട്രസഭ എടുത്തുപറഞ്ഞിട്ടുണ്ട്. കുട്ടികളുടെ സ്വകാര്യതയും അന്തസ്സും നശിപ്പിക്കുന്നതിന് ഒരാൾക്കും അവകാശമില്ല എന്ന ശക്തവും വ്യക്തവുമായ സന്ദേശമാണ് ഈ നിയമം പൊതുസമൂഹത്തിനു നൽകുന്നത്. കുട്ടിയുടെ ശാരീരികവും, മാനസികവും, വൈകാരികവും, ബുദ്ധിപരവുമായ വളർച്ചക്കും, സാമൂഹ്യവികാസത്തിനും ഉതകുന്ന രീതിയിൽ കുട്ടിയുടെ നന്മ മാത്രം ലക്ഷ്യംവെച്ചുള്ള പ്രവർത്തനമാണ് ഈ നിയമം വിഭാവനം ചെയ്യുന്നത്.

## **ഈ നിയമത്തിന്റെ ഉദ്ദേശം**

ലൈംഗിക അതിക്രമം, ശല്യപ്പെടുത്തൽ, കുട്ടികളെ ഉപയോഗിച്ചുള്ള അശ്ലീല സാഹിത്യ പ്രവർത്തനങ്ങൾ എന്നീ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക, അതിനായി പ്രത്യേക കോടതികൾ സ്ഥാപിക്കുക, കുറ്റകൃത്യങ്ങൾക്കിരയാക്കപ്പെടുന്ന കുട്ടിയുടെ പുനരധിവാസവും നഷ്ടപരിഹാരവും, ഈ നിയമത്തിന്റെ നടത്തിപ്പു സംബന്ധിച്ച കാര്യങ്ങളുടെ നിരീക്ഷണവും വിലയിരുത്തലും നടത്തുന്നതിനായി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ദേശീയ, സംസ്ഥാന കമ്മീഷനുകളെ ഏൽപ്പിക്കുക എന്നിവയാണ് ഈ നിയമത്തിന്റെ ഉദ്ദേശങ്ങൾ.

## കുട്ടി എന്ന വാക്കിന്റെ അർത്ഥം

ഈ നിയമപ്രകാരം കുട്ടി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 18 വയസ്സിൽ താഴെയുള്ളവരെയാണ്. ഇതിന് ആൺ പെൺ വ്യത്യാസമോ, വിദ്യാർത്ഥിയാണോ അല്ലയോ എന്ന വ്യത്യാസമോ ഇല്ല. കൂടാതെ ഈ നിയമത്തിൽ പീഡനം നടത്തുന്ന വ്യക്തിയെയും സ്ത്രീ പുരുഷൻ എന്നു വേർതിരിച്ചിട്ടില്ല.

## എന്തുകൊണ്ട് പുതിയ നിയമം?

കുട്ടികളുടെ അന്താരാഷ്ട്ര അവകാശ പ്രഖ്യാപനത്തിലും, ബാലനീതി നിയമത്തിലും കുട്ടികൾക്കെതിരെ നടക്കുന്ന അവകാശലംഘനവും, കുറ്റകൃത്യങ്ങളും പ്രത്യേക പരിഗണന നൽകി നീതി നടപ്പിലാക്കണമെന്ന് അനുശാസിക്കുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിലും മറ്റു നിയമങ്ങളിലും കുട്ടികൾ ഇരകളായി വരുന്നതിനെ പ്രത്യേക പരിഗണന നൽകി പ്രതിപാദിച്ചിട്ടില്ല. സുപ്രീം കോടതി സാക്ഷിVs യൂണിയൻ ഓഫ് ഇന്ത്യ കേസിൽ കുട്ടികൾക്കെതിരെ നടത്തുന്ന ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഫലപ്രദമായ നിയമം ഇല്ലാത്തതിന്റെ അഭാവം എടുത്തുപറയുകയും കുട്ടികൾ ഇരകളായ കേസുകളിൽ കോടതികൾ പാലിക്കേണ്ട നടപടികൾ വിശദമായി വിവരിക്കുകയും ചെയ്തിരുന്നു. പുരുഷനും സ്ത്രീയും എന്നതിൽ, കുട്ടികളെയും ലിംഗവ്യത്യാസം കണക്കാക്കി ഉൾപ്പെടുത്താം എങ്കിലും മുതിർന്നവർ ഇരകളായി വരുമ്പോഴുള്ള അതേ നടപടിക്രമങ്ങൾ തന്നെയാണ് കുട്ടികളുടെ കാര്യത്തിലും പാലിക്കേണ്ടിവരിക. അത്തരം കേസുകളിൽ കുറ്റം തെളിയിക്കുവാനുള്ളപൂർണ്ണ ഉത്തരവാദിത്തം പ്രോസിക്യൂഷനുമാത്രമാണ്. കുറ്റകൃത്യം തെളിയിക്കപ്പെട്ടാൽ തന്നെ ഇരയുടെ പ്രായമോ ജീവിതസാഹചര്യമോ പ്രതിക്കു ശിക്ഷ നൽകുന്ന കാര്യത്തിൽ കോടതിയുടെ പ്രഥമപരിഗണനയ്ക്കു വരേണ്ട വ്യവസ്ഥകൾ ഇല്ല. എന്നാൽ പുതിയ നിയമത്തിൽ ഇത്തരം പല ന്യൂനതകളും പരിഹരിക്കപ്പെട്ടിരിക്കുന്നു. ഈ നിയമത്തിൽ കുട്ടികളെ ലൈംഗികമായി ചൂഷണത്തിന് വിധേയമാക്കുന്നതിന് വളരെ കടുത്ത ശിക്ഷാവിധികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അനുയോജ്യമായ കേസുകളിൽ പ്രതിക്ക് ജീവപര്യന്തം തടവു ശിക്ഷവരെ കൊടുക്കാനുള്ള വകുപ്പുകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## കുറ്റത്തിന്റെ ഗൗരവം.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളെ ലൈംഗിക ബലപ്രയോഗങ്ങൾ, ലൈംഗിക പീഡനങ്ങൾ, കുട്ടിയെ ഉപയോഗിച്ചുള്ള അശ്ലീല സാഹിത്യ പ്രവർത്തനങ്ങൾ എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുണ്ട്. ജീവപര്യന്തം കഠിനതടവോ നിശ്ചിത കാലയളവിലെ കഠിനതടവോ, സാധാരണ തടവോ കുറ്റത്തിന്റെ ഗൗരവം അനുസരിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ യുക്തമായ പിഴ ചുമത്തുന്നതിനും കോടതിക്ക് അധികാരമുണ്ട്. ഈ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള കുറ്റവാളികളുടെ ഉദ്ദേശം എന്നതാണ് പരമപ്രധാനമെന്നും, ലക്ഷ്യംപൂർത്തിയാക്കാൻ

സാധിച്ചില്ലെങ്കിൽ കൂടി കുറ്റകൃത്യം ചെയ്യുന്നതിന് ഉദ്ദേശ്യമുണ്ടായിരുന്നു എന്നു തെളിഞ്ഞാൽ ശിക്ഷാർഹനായിരിക്കുമെന്നും നിയമം പറയുന്നു. കുറ്റം ചെയ്യാൻ ശ്രമിച്ചു എന്നു തെളിഞ്ഞാൽ, ചെയ്തിരുന്നെങ്കിൽ ലഭിക്കാമായിരുന്ന ശിക്ഷയുടെപകുതി ശിക്ഷക്ക് പ്രതി അർഹനായിരിക്കും.മാത്ര മല്ല കുറ്റം ചെയ്തിട്ടില്ല എന്ന് തെളിയിക്കേണ്ട ബാധ്യത പ്രതിക്കാണ് എന്നും ഈ നിയമത്തിൽ വ്യവ സ്ഥയുണ്ട്.

## ഈ നിയമപ്രകാരമുള്ള കുറ്റങ്ങൾ കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ കോടതികൾ

ഈ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ തീർപ്പാക്കുന്നതിനായി അതാത് ജില്ലയിലെ ഒരുജില്ലാ കോടതിയെ പ്രത്യേക കോടതിയായി നിയമിച്ചിരിക്കുന്നു. ഈ കേസുകൾ കൈകാര്യം ചെയ്യുവാൻ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതാണ്.

## കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ

### A. പ്രവേശിത ലൈംഗികാതിക്രമങ്ങൾ (Penitrative Sexual assault)/ ശിക്ഷാവിധികൾ

ഒരു കുട്ടിയുടെ ലൈംഗികാവയവങ്ങളിലോ മറ്റ് അവയവങ്ങളിലോ മറ്റൊരാൾ തന്റെ ലൈംഗിക അവയവങ്ങളോ മറ്റ് ഏതെങ്കിലും ശരീര ഭാഗങ്ങളോ വസ്തുക്കളോ കടത്തുകയോ തെറ്റായ ഉദ്ദേശത്തിൽ തൊടുവിക്കുകയോ ഇത്തരം പ്രവൃത്തികൾ കുട്ടിയെക്കൊണ്ട് തന്നോടോ, മറ്റാളുകളോടോ ചെയ്യിക്കുകയോ ചെയ്യുന്നതിനെയാണ് പ്രവേശിത ലൈംഗികാതിക്രമം എന്നു പറയുന്നത്. ഇതിന് ഈ നിയമപ്രകാരം ഏറ്റവും കുറഞ്ഞ ശിക്ഷ 7 വർഷം തടവും പിഴയും കൂടിയത് ജീവപര്യന്തം തടവും പിഴയും എന്നിവയാണ്.

### B. അധികരിച്ച പ്രവേശിത ലൈംഗികാതിക്രമം (Aggrevated Penitrative Sexual assault)/ശിക്ഷാവിധികൾ

പ്രവേശിത ലൈംഗികാതിക്രമത്തിൽ നിർവചിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ തന്നെയാണ് ഇതിലും വരുന്നത്. എന്നാൽ കുറ്റകൃത്യം ചെയ്യുന്നയാൾക്ക് സമൂഹത്തിലെ സ്ഥാനവും ഉത്തരവാദിത്തവും അനുസരിച്ച് ശിക്ഷാവിധികൾ കൂടുതൽ കടുത്തതായിരിക്കും.

പോലീസ് ഓഫീസർ, സൈനികർ,സർക്കാർ ജീവനക്കാർ, ജയിൽ വാർഡൻമാർ, പ്രൊട്ടക്ഷൻ/കെയർ ഹോം മുതലായവയുടെ മേലധികാരികൾ, തൊഴിലാളികൾ, ആശുപത്രി മാനേജ്മെന്റ്/സ്റ്റാഫ് മുതലായ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്മാരോ വ്യക്തികളോ നടത്തുന്ന പ്രവേശിത ലൈംഗികാതിക്രമാണ് അധികരിച്ച പ്രവേശിത ലൈംഗികാതിക്രമം.

സംഘം ചേർന്നോ ആയുധങ്ങൾ ഉപയോഗിച്ചോ ലൈംഗിക അതിക്രമങ്ങൾ നടത്തൽ, കുട്ടിക്ക് മുറിവ് ഉണ്ടാക്കുകയോ വൈകല്യപ്പെടുത്തുകയോ ചെയ്യൽ, മാനസിക പ്രശ്നങ്ങളോ രോഗമോ ഉള്ള കുട്ടിയെ ഇത്തരം പീഡനത്തിന് വിധേയമാക്കൽ, 12 വയസ്സിൽ താഴെ മാത്രം പ്രായം വരുന്ന കുട്ടിയോടു ചെയ്യുന്ന ലൈംഗിക അതിക്രമങ്ങൾ, ഒന്നിൽ കൂടുതൽ തവണയോ തുടരെതുടരെയോനടത്തുന്ന ലൈംഗിക അതിക്രമങ്ങൾ, കുട്ടിയുടെ ബന്ധുക്കൾ, രക്തബന്ധത്തിൽപ്പെട്ടവർ എന്നിവർ നടത്തുന്ന ലൈംഗിക പീഡനങ്ങൾ, കുട്ടി ഗർഭിണിയാണെന്നറിഞ്ഞ് വീണ്ടും ലൈംഗിക പീഡനം നടത്തൽ, കുട്ടിയെ തെറ്റായ ഉദ്ദേശത്തോടെ വിവസ്ത്രയാക്കൽ തുടങ്ങിയവയെല്ലാം ഈ വിഭാഗം കുറ്റകൃത്യങ്ങളിൽപ്പെടുന്നു.

ഇത്തരം കുറ്റകൃത്യങ്ങൾക്ക് കുറഞ്ഞത് 10 വർഷം തടവും പിഴയും കൂടിയത് ജീവപര്യന്തം തടവുശിക്ഷയും പിഴയും ലഭിക്കുന്നതാണ്.

## C. ലൈംഗികാതിക്രമം (Sexual assault)/ശിക്ഷാവിധികൾ

ഒരു കുട്ടിയുടെ ലൈംഗിക അവയവങ്ങളിലോ മറ്റ് അവയവങ്ങളിലോ ലൈംഗിക ഉദ്ദേശത്തോടുകൂടി തൊടുകയോ കുട്ടിയെ കൊണ്ട് അപ്രകാരം മറ്റൊരാളെ തൊടുവിക്കുകയോ മറ്റ് ഏതെങ്കിലും തരത്തിൽ കുട്ടിയുമായി ശാരീരികബന്ധം നടത്താൻ ശ്രമിക്കുകയോ നടത്തുകയോ ചെയ്യുന്നത് ലൈംഗികാതിക്രമം എന്ന വിഭാഗത്തിനു കീഴിൽ വരുന്ന ശിക്ഷാർഹമായ കുറ്റകൃത്യമാണ്. ഇതിന് കുറഞ്ഞത് 3 കൊല്ലവും കൂടിയത് 5 വർഷവും തടവും പിഴയുമാണ് ശിക്ഷ.

## D. അധികരിച്ച ലൈംഗികാതിക്രമം (Aggrevated Sexual assault)/ ശിക്ഷാവിധികൾ

മേൽപ്പറഞ്ഞ അതേകുറ്റകൃത്യങ്ങൾതന്നെ, ബി വിഭാഗത്തിൽപ്പറഞ്ഞിരിക്കുന്ന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ സംരക്ഷിക്കാൻ ബാധ്യസ്ഥരായ ആളുകളോ ചെയ്യുകയോ ഇത്തരം കുറ്റകൃത്യങ്ങൾക്ക് പ്രേരണയോ സഹായമോ നൽകുകയോ ചെയ്യുന്നതാണ് ഈ വിഭാഗത്തിൽ വരുന്നത്.

ഇത്തരം കുറ്റകൃത്യങ്ങൾക്ക് കുറഞ്ഞത് 5ഉം കൂടിയത് 7 വർഷം വരെയും തടവും പിഴയുമാണ് ശിക്ഷകൾ.

## E. ലൈംഗികമായ ശല്യം ചെയ്യൽ (Sexual harassment) (ശിക്ഷാവിധികൾ)

ലൈംഗിക ഉദ്ദേശത്തോടെ വാക്കുകൾ കൊണ്ടോ, ശബ്ദം ആംഗ്യം എന്നിവ കൊണ്ടോ, വസ്തുക്കൾ, അല്ലെങ്കിൽ ശരീരഭാഗങ്ങൾ പ്രദർശിപ്പിച്ചോ കുട്ടിയെ കാണിക്കുകയോ കേൾപ്പിക്കുകയോ, അശ്ലീല ചിത്രങ്ങൾ കാണിക്കുകയോ, ഭീഷണിപ്പെടുത്തി ശരീരപ്രദർശനം നടത്തിക്കുകയോ, അശ്ലീല പ്രവൃത്തികൾക്കായി കുട്ടിയെ വശീകരിക്കുകയോ ചെയ്യുന്നത് ഈ വിഭാഗത്തിലുള്ള കുറ്റകൃത്യമാണ്. ഇതിന് 3 വർഷം വരെ തടവും പിഴയുമാണ് ശിക്ഷകൾ.

മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങൾ കൂടാതെ ലൈംഗിക ആവശ്യങ്ങൾക്കായി ടെലിവിഷൻ, ഇന്റർനെറ്റ്, പ്രിന്റ്, മാധ്യമങ്ങൾ എന്നിവ വഴി പരസ്യത്തിനോ മറ്റു പരിപാടികൾക്കോ കുട്ടികളെ ഉപയോഗിക്കുക, ഇത്തരം മാധ്യമങ്ങൾ വഴി കുട്ടിയുടെ ലൈംഗിക അവയവങ്ങൾ, കുട്ടിയുമായുള്ള ലൈംഗികബന്ധം എന്നിവ പ്രദർശിപ്പിക്കുക തുടങ്ങിയ കുറ്റങ്ങൾക്കും കുറഞ്ഞത് 5 വർഷം മുതൽ കൂടിയത് ജീവപര്യന്തവും പിഴയും വരെ ശിക്ഷയായി ലഭിക്കാവുന്ന കുറ്റകൃത്യങ്ങളാണ്.

## നടപടിക്രമങ്ങൾ

- ഈ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നുവെന്നോ, നടക്കാൻ പോകുന്നു എന്നതിന്റെ സൂചനയോ കുട്ടിക്കോ, സംഭവത്തെക്കുറിച്ച് അറിവുള്ള ഏതൊരാൾക്കുമോ തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ, തൊട്ടടുത്ത ജുവനൈൽ പോലീസ് യൂണിറ്റിലോ അറിയിക്കാവുന്നതാണ്.

- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കേസിന്റെ എല്ലാ നടപടികളും കുട്ടികളുടെ ഉത്തമ താൽപ്പര്യം സംരക്ഷിച്ചുകൊണ്ടു മാത്രമേ ചെയ്യാൻ പാടുള്ളൂ.

- ഈ നിയമപ്രകാരം ഒരു കുറ്റകൃത്യത്തെക്കുറിച്ച് അറിവു ലഭിച്ചാൽ പോലീസ് ഉടൻതന്നെ അത് രേഖപ്പെടുത്തുകയും വിവരം തന്നയാളെ വായിച്ചു കേൾപ്പിക്കുകയും ചെയ്യേണ്ടതാണ്.

- മൊഴി രേഖപ്പെടുത്തുന്നത് ലളിതവും കുട്ടിക്ക് സൗഹൃദപരമായ അന്തരീക്ഷത്തിലും ആയിരിക്കണം. ഇത് കുട്ടിയുടെ താമസസ്ഥലത്തോ കുട്ടി ആവശ്യപ്പെടുന്ന സ്ഥലത്തോ വെച്ചായിരിക്കണം.

- കുട്ടിയുടെ മൊഴിയെടുക്കുന്നത് കഴിയുന്നതും പോലീസ് സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത വനിതാ ഉദ്യോഗസ്ഥയായിരിക്കണം എന്നാൽ അവർ യൂണിഫോമിൽ ആയിരിക്കരുത്.

- മൊഴി രേഖപ്പെടുത്തുന്നത് മാതാപിതാക്കളുടെയോ കുട്ടിക്ക് വിശ്വാസമുള്ള മറ്റ് വ്യക്തികളുടെയോ മുന്നിൽ വച്ചായിരിക്കണം. കുട്ടിക്ക് ആവശ്യമെങ്കിൽ, ഒരു ദ്വിഭാഷിയുടെയോ, വിവർത്തകന്റെയോ സഹായം ലഭ്യമാക്കേണ്ടതാണ്.

- ഒരു കാരണവശാലും കുട്ടിയെ രാത്രികാലങ്ങളിൽ പോലീസ് സ്റ്റേഷനുകളിൽ പാർപ്പിക്കാൻ പാടില്ല.

- മൊഴി രേഖപ്പെടുത്തുമ്പോഴും അന്വേഷണത്തിന്റെ ഒരു വേളയിലും കുറ്റാരോപിതനായ വ്യക്തി കുട്ടിയെ കാണാനോ കുട്ടിയുമായി ഇടപഴകാനോ ഇടയാകരുത്.

- അതിക്രമത്തിന് ഇരയായ കുട്ടിയെ ഉടനടി വൈദ്യപരിശോധനക്ക് വിധേയനാക്കേണ്ടതാണ്. എന്നാൽ വൈദ്യപരിശോധന മാതാപിതാക്കളുടെയോ കുട്ടിക്കു വിശ്വാസമുള്ള മറ്റ് ആളുകളുടെയോ സാന്നിധ്യത്തിൽ ആയിരിക്കണം.

- പെൺകുട്ടിയെയാണ് വൈദ്യപരിശോധനയ്ക്ക് വിധേയയാക്കേണ്ടതെങ്കിൽ വനിതാ ഡോക്ടറുടെ സേവനം തന്നെ ലഭ്യമാക്കണം.

## സ്പെഷ്യൽ കോടതിയുടെ നടപടിക്രമങ്ങൾ

- പരാതിയുടെ അടിസ്ഥാനത്തിൽ കോടതിക്ക് നേരിട്ടു കേസെടുക്കാവുന്നതാണ്.
- വിചാരണ സമയത്ത് കുട്ടിയും പ്രതിയും തമ്മിൽ കാണാതിരിക്കാനുള്ള സൗകര്യം കോടതിയിൽ ഉണ്ടായിരിക്കണം.
- പ്രതിഭാഗം വക്കീലിനു ചോദിക്കേണ്ട ചോദ്യങ്ങൾ കോടതിയെ അറിയിക്കുകയും കോടതി ആ ചോദ്യങ്ങൾ കുട്ടിയോടു ചോദിക്കുന്നതും ആയിരിക്കും.
- സുദീർഘമായ വിചാരണകൾ പാടില്ല. കുട്ടിക്ക് യുക്തമായ ഇടവേളകൾ നൽകണം. കുട്ടിയെ തുടരെതുടരെ ചോദ്യം ചെയ്യൽ പാടില്ല.
- കേസിന്റെ ഒരു ഘട്ടത്തിലും സ്പെഷ്യൽ കോടതിയുടെ അനുമതി കൂടാതെ കുട്ടിയുടെ പേരു വിവരങ്ങൾ മാധ്യമങ്ങളോടോ മറ്റ് വ്യക്തികളോടോ വെളിപ്പെടുത്താൻ പാടില്ല.
- പരാതി ലഭിച്ച് 30 ദിവസത്തിനുള്ളിൽ സ്പെഷ്യൽ കോടതി കുട്ടിയുടെ മൊഴി രേഖപ്പെടുത്തേണ്ടതാണ്. ഒരു വർഷത്തിനുള്ളിൽ കേസിൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്
- വിചാരണ വേളയിൽ കുട്ടിയെ കഠിനമായ ഭാഷയിൽ ചോദ്യം ചെയ്യാനോ സ്വഭാവഹത്യ നടത്താനോ പാടില്ല.
- വിചാരണ 'ഇൻ ക്യാമറാ' നടപടികളായി അടച്ചിട്ട മുറിയിൽ മറ്റാളുകൾക്ക് പ്രവേശനമില്ലാതെ നടത്തേണ്ടതും, എന്നാൽ കുട്ടിയുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ കുട്ടിയോടൊപ്പം നിൽക്കാനുള്ള അനുവാദം ഉണ്ടായിരിക്കുന്നതുമാണ്.
- ആവശ്യമെങ്കിൽ കുട്ടിയുടെ ഭാഷ അറിയാവുന്ന ഒരു ദ്വിഭാഷിയുടെയോ വിദഗ്ധന്റെയോ സഹായം കോടതിക്ക് ആവശ്യപ്പെടാവുന്നതാണ്.
- കുറ്റവാളിക്കുള്ള ശിക്ഷയോടൊപ്പം കുട്ടിക്ക് ഉണ്ടായിട്ടുള്ള മാനസിക-ശാരീരിക വിഷമതകൾക്ക് നഷ്ടപരിഹാരം നൽകുവാനും കോടതിക്ക് അധികാരമുണ്ട്.
- കുറ്റവാളി മറ്റൊരു കുട്ടിയാണെങ്കിൽ അത്തരം കേസുകൾ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം പരിഗണിക്കേണ്ടതാണ്.

ഇതോടൊപ്പം തന്നെ, ഈ നിയമം ദുരുപയോഗം ചെയ്യാതിരിക്കാനുള്ള വ്യവസ്ഥകളും നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ സംബന്ധിച്ച്, കളവായ വിവരങ്ങളോ പരാതികളോ നൽകുന്നയാളും ഈ നിയമപ്രകാരം ശിക്ഷാർഹനായിരിക്കും.

## 2.3 ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ചട്ടങ്ങൾ 2012

ദേശീയ വനിതാ ശിശു വികസന മന്ത്രാലയം 2012 നവംബർ 12-ാം തിയ്യതി പുറപ്പെടുവിച്ച ഉത്തരവിലൂടെ പോക്സോ നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നു. ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജുവനൈൽ പോലീസ് തുടങ്ങിയവരുടെ നിയമനവും ചുമതലകളും പ്രസ്തുത ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാലനീതി നിയമത്തിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെടുത്തി ചൈൽഡ് വെൽഫെയർ കമ്മറ്റിയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരും ഏതെങ്കിലും വിധത്തിൽ ചൂഷണങ്ങൾക്ക് ഇരകളാകാൻ സാധ്യതയുള്ള കുട്ടികൾക്ക് സഹായവും സംരക്ഷണവും നൽകണമെന്ന് ചട്ടങ്ങൾ വ്യക്തമാക്കുന്നുണ്ട്. കുട്ടികളെ എല്ലാ വിധത്തിലും സഹായിക്കാൻ ചുമതലയുള്ള സപ്പോർട്ട് പേഴ്സന്റെ കടമകളും ഈ ചട്ടങ്ങളിൽ വ്യക്തമാണ്. ചൂഷണങ്ങൾക്ക് ഇരകളാകുന്ന കുട്ടികൾക്ക് നൽകേണ്ട അടിയന്തര ചികിത്സാ സഹായത്തെപ്പറ്റിയും അത്തരം ചികിത്സ നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും ചട്ടങ്ങൾ വിശദീകരിക്കുന്നുണ്ട്. ദേശീയ തലത്തിൽ ദേശീയ ബാലാവകാശ കമ്മീഷനും സംസ്ഥാനങ്ങളിൽ സംസ്ഥാന ബാലാവകാശ കമ്മീഷനുകളും ഈ നിയമം നടപ്പിൽവരുത്തുന്നതു സംബന്ധിച്ച പ്രത്യേക ചുമതല നൽകിയിട്ടുണ്ട്. ഇതിനുപുറമെ പ്രത്യേക കോടതി താൽക്കാലിക ഉത്തരവിലൂടെയോ അന്തിമ വിധിയിലൂടെയോ ഇരകളാക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക നഷ്ടപരിഹാരം സംബന്ധിച്ച്സർക്കാരിന് ഉത്തരവ് നൽകാൻ ഈ ചട്ടങ്ങൾ അനുശാസിക്കുന്നു. അത്തരം ഉത്തരവുകൾ ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ പ്രസ്തുത നഷ്ടപരിഹാരം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## 2.4 ആദിവാസികളും പോക്സോ നിയമവും

ആദിവാസി-ദലിത് വിഭാഗത്തിലെ കുട്ടികൾക്കെതിരെ എന്തുകൊണ്ടാണ് വ്യാപകമായി പീഡനങ്ങളും ബലാത്സംഗങ്ങളും ഉണ്ടാകുന്നത് എന്നത് സംബന്ധിച്ച് ഗോത്രഭൂമി മാസിക (നവംബർ 2011) യിൽ ശ്രീ അജിത്ത് നന്ദൻകോട് എഴുതിയ 'ദലിത് വിദ്യാർത്ഥികളുടെ പീഡനം: രക്ഷിതാക്കൾ കാണാതെ പോകുന്നത്' എന്ന ലേഖനത്തിൽ ശ്രദ്ധേയമായ പല നിരീക്ഷണങ്ങളുണ്ട്. ഭരണാധികാരികളുടെ വീഴ്ചകൾക്കും താൽപ്പര്യത്തിനുമപ്പുറംരക്ഷകർത്താക്കളുടെ നിരുത്തരവാദിത്വവും ആദിവാസി-ദളിത് സാമൂഹ്യപ്രവർത്തകരും സംഘടനകളും കൈക്കൊള്ളേണ്ട സാംസ്ക്കാരിക-സാമൂഹിക ഇടപെടലുകളുടെ അഭാവവും ഇത്തരം ചൂഷണങ്ങൾ വർദ്ധിക്കുന്നതിന് കാരണമായി. കുട്ടിക്കാലം തുടങ്ങി വിദ്യാർത്ഥികളായും യുവജനങ്ങളായും മാറുമ്പോൾ വരെ ചുറ്റുപാടുകളിൽ നിന്നും ലഭിക്കേണ്ട സാമൂഹിക അറിവുകൾ മിക്ക ആദിവാസി-ദളിത് കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ലഭിക്കാറില്ല. സ്ക്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥിനികളെ പ്രേമം നടിച്ച് സെക്സ് റാക്കറ്റുകളിലാക്കി ജീവിതം നശിപ്പിച്ച് വിദ്യാഭ്യാസ മേഖലകളിൽ നിന്നും തുടച്ചുമാറ്റാനുള്ള സവർണ്ണ രാഷ്ട്രീയ കൂട്ടായ്മ തിരിച്ചറിയാൻ കഴിയാത്തവരാണ് ആദിവാസി വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും. ഇത്തരം സാമൂഹികവിപത്തുകൾ കണ്ടറിഞ്ഞ് പ്രതിരോധിക്കാനുതകുന്ന സംവരണ വിഷയമോ സാമൂ

ദായിക ചർച്ചകളോ അവരുടെ ഇടയിൽ തുലോം കുറവാണ്. പകരം സിനിമാക്കഥകളും നടീനടൻമാരുടെ ജീവിതവുമാണ് വിദ്യാർത്ഥികളുടെ ചർച്ചകളിൽ മുന്നിട്ടുനിൽക്കുന്നത്. പാവപ്പെട്ട കുടുംബങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾ കാട്ടുന്ന വിധേയമനോഭാവവും ആഡംബരത്തിൽ വളരെപ്പെട്ടെന്ന് വീണുപോകുന്ന മനസ്സും വിദ്യാഭ്യാസത്തിലൂടെ നിർവ്വഹിക്കേണ്ട ഉത്തരവാദിത്വങ്ങൾ മറന്ന് ചതികളിൽ വീണുപോകാൻ കാരണമാകുന്നു. കോളേജുകളിൽ അരങ്ങുവാഴുന്ന മദ്യ-മയക്കുമരുന്ന് ലോബികളുടെ പിടിയിൽ ആദിവാസി വിദ്യാർത്ഥികൾ പെട്ടെന്ന് പെട്ടുപോകുന്നു.

# അദ്ധ്യായം 3 – ഗവേഷണ പഠനം

## 3.1 ചോദ്യാവലി തയ്യാറാക്കൽ

പോക്സോ നിയമപ്രകാരം ഇരകളുടെ വിവരങ്ങൾ പൂർണ്ണമായും രഹസ്യമായി സംരക്ഷിക്കേണ്ടതുള്ളതുകൊണ്ട് സാധാരണ ഗതിയിൽ നടത്തുന്ന ചോദ്യ-ഉത്തരങ്ങളും സർവ്വെകളും ഈ പഠനത്തിൽ ഉപയോഗിക്കാനാകില്ല. അതുകൊണ്ട് ഔദ്യോഗിക റിക്കാർഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ലഭിക്കുന്നതിനായി കേരളാ സംസ്ഥാന ബാലാവകാശ കമ്മീഷൻ, ജില്ലാ കോടതികൾ, ജില്ലാ പോലീസ് കാര്യാലയം, ചൈൽഡ് വെൽഫെയർ കമ്മറ്റി എന്നിവിടങ്ങളിലേക്ക് വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനായി പ്രത്യേകം പ്രത്യേകം ചോദ്യങ്ങൾ തയ്യാറാക്കി. കൂടാതെ നീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങൾക്ക് നേരിട്ട് പരിചയമുള്ള ഏതാനും ഇര കളോട് സാന്ത്വന സൗഹൃദ രീതി ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി പൊതുവിൽ ചില ചോദ്യങ്ങൾ തയ്യാറാക്കി നൽകി.

## 3.2 പഠന പരിധി

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം കേരള ത്തിൽപൊതുവിലും ആദിവാസി സമൂഹങ്ങൾ കൂടുതലുള്ള വയനാട്, പാലക്കാട്, ഇടു ക്കി, മലപ്പുറം എന്നിവിടങ്ങളിലുമാണ് പഠനം നടത്തിയത്.

## 3.3 വിവരശേഖരണം

തയ്യാറാക്കിയ ചോദ്യാവലിയുടെ സഹായത്തോടെ കേരള സംസ്ഥാന ബാലാവ കാശ കമ്മീഷൻ, വയനാട്, പാലക്കാട്, ഇടുക്കി, മലപ്പുറം ജില്ലകളിലെ പ്രത്യേക വിവര ങ്ങൾ ലഭിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കോടതികൾ, ജില്ലാ പോലീസ് കാര്യാ ലയങ്ങൾ, ചൈൽഡ് വെൽഫെയർ കമ്മറ്റികൾ എന്നിവരിൽ നിന്നും വിവരാവകാശ അപേക്ഷ വഴി വിവരങ്ങൾ ശേഖരിച്ചു.വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ ലൈംഗിക ചൂഷണത്തിന് ഇരകളായ 38 പേരോട് നീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങൾ നേരിട്ട് സംസാരിച്ച് വിവരങ്ങൾ ശേഖരിച്ചു.

## 3.4 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

വിവരാവകാശ നിയമപ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2018 ഫെബ്രുവരി 22 ന് ഉച്ചകഴിഞ്ഞ് കൽപ്പറ്റ എം.ജി.റ്റി ഹാളിൽ വെച്ച് വയനാട് ജില്ലയിലെ കുട്ടികളു മായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പൊതുപ്രവർത്തകരുമായി പോക്സോ നിയമം നടപ്പിലാക്കു ന്നത് സംബന്ധിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി.

2018 ഫെബ്രുവരി 26 ന് കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് ലൈംഗിക അതിക്ര മങ്ങൾക്കിരയായ കുട്ടികളുമായി നേരിട്ട് അഭിമുഖം നടത്തിയവ നീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങളുമായി പ്രാഥമിക കണ്ടെത്തലുകളും നിരീക്ഷണങ്ങളും പങ്കുവെക്കുകയും ചർച്ച നടത്തുകയും ചെയ്തു.

### 3.5 പഠനത്തിന്റെ പരിമിതികൾ

വ്യക്തികളിൽ നിന്നും ലഭിച്ച വിവരങ്ങൾതികച്ചും രഹസ്യമായിസംരക്ഷിക്കേണ്ടതു കൊണ്ടുംബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്താൻ സാധിക്കാത്തതുകൊണ്ടും വിവരങ്ങളുടെ ആധികാരികത ഇരയുടെ മൊഴിയെ മാത്രം ആശ്രയിച്ചാണുള്ളത്. വിവരാവകാശ നിയമപ്രകാരം ലഭിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസുകളിൽ റെക്കോർഡ് ചെയ്തിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ഉള്ളതാണ്. വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച വിവരങ്ങളിലെ വ്യത്യസ്തതകൾ പഠനത്തിന്റെ കൃത്യതയെയും ആധികാരികതയെയും ബാധിച്ചിട്ടുണ്ട്. കൂടാതെ റിപ്പോർട്ട് ചെയ്ത കേസുകൾക്ക് ആസ്പദമായ സംഭവം നടന്നത് ഏത് വർഷത്തിലാണെന്നത് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയിൽ നിന്ന് വ്യക്തമല്ല.

## 3.6 വിവര വ്യാഖ്യാനവും വിശകലനവും

**പട്ടിക 1.1**

**പോക്സോ കേസുകളുടെ എണ്ണം**
**(ബാലാവകാശ കമ്മീഷനിൽ നിന്നും ലഭിച്ചത്)**

| | |
|---|---|
| 2012 | 77 |
| 2013 | 1016 |
| 2014 | 1402 |
| 2015 | 1569 |
| 2016 | 2093 |
| 2017 | 1554 (ജൂലൈ വരെ) |

**പട്ടിക 1.2**
**പോക്സോ കേസുകളുടെ എണ്ണം**
**(2018 ഏപ്രിൽ 17 ന് മാധ്യമം പേപ്പറിൽ നിന്നും ലഭിച്ചത്)**

| | 2015 | 2016 | 2017 | 2018 (ജനുവരി-മാർച്ച്) |
|---|---|---|---|---|
| കേരളം | 1583 | 2122 | 2611 | 612 |
| തിരുവനന്തപുരം | | 263 | 361 | 102 |
| കോഴിക്കോട് | | 170 | 274 | 75 |
| കൊല്ലം | | 157 | 259 | 61 |
| എറണാകുളം | | 224 | 257 | 72 |
| മലപ്പുറം | | 244 | 219 | 82 |
| തൃശ്ശൂർ | | 191 | 184 | 100 |

പട്ടിക 1.1, 1.2 എന്നിവ പരിശോധിക്കുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടതും നടപടികൾ എടുത്തിട്ടുള്ളതുമായ പോക്സോ കേസുകളുടെ എണ്ണത്തിൽ വർഷംതോറും വർദ്ധന ഉണ്ടായതായി കാണുന്നു.നിയമത്തെപ്പറ്റിയുള്ള അവബോധം വർദ്ധിക്കുന്നതനുസരിച്ച് കൂടുതൽ പേർ പരാതികൾ കൊടുക്കാൻ തയ്യാറാകുന്നതാണോ അഥവാ ചൂഷണ സംഭവങ്ങൾ വർദ്ധിക്കുന്നതാണോ എന്ന് ഒറ്റനോട്ടത്തിൽ തീരുമാനിക്കാനാവില്ല. ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ട പരാതികൾക്കാസ്പദമായ സംഭവം നടന്നത് അതാത് വർഷത്തിലാണോ എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേസുകൾ വർദ്ധിക്കുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമായി കണക്കാക്കാനാകുകയുള്ളൂ.

**പട്ടിക 1.3**

**കേസുകൾ ജില്ലാ അടിസ്ഥാനത്തിൽ**

**(ബാലാവകാശ കമ്മീഷനിൽ നിന്ന് ലഭിച്ചത്)**

| ജില്ല | 2015 | 2016 | 2017 (ജൂലൈ വരെ) |
|---|---|---|---|
| തിരുവനന്തപുരം | 163 | 256 | 205 |
| കോഴിക്കോട് | 151 | 169 | 150 |
| കൊല്ലം | 135 | 180 | 162 |
| എറണാകുളം | 149 | 217 | 160 |
| മലപ്പുറം | 182 | 241 | 123 |
| പാലക്കാട് | 114 | 123 | 97 |
| തൃശ്ശൂർ | 153 | 190 | 120 |
| ഇടുക്കി | 97 | 103 | 97 |
| കോട്ടയം | 51 | 114 | 96 |
| കണ്ണൂർ | 75 | 142 | 91 |
| ആലപ്പുഴ | 60 | 83 | 67 |
| കാസർഗോഡ് | 74 | 96 | 66 |
| പത്തനംതിട്ട | 61 | 85 | 57 |
| വയനാട് | 97 | 92 | 58 |
| റെയിൽവെ | 7 | 2 | 5 |
| **ആകെ** | **1569** | **2093** | **1554** |

കേരളത്തിലെ വിവിധ ജില്ലകളിൽ 2015, 2016, 2017 ജൂലൈ വരെ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ സംബന്ധിച്ച് ബാലാവകാശ കമ്മീഷനിൽ നിന്ന് ലഭിച്ച വിവരങ്ങളാണ് പട്ടിക 1.3 ആയി ചേർത്തിരിക്കുന്നത്. വൻ നഗരങ്ങളിലും സമീപപ്രദേശങ്ങളിലും കുട്ടികൾക്കെതിരെയുള്ള ചൂഷണങ്ങൾ കൂടുതലാണ് എന്ന ധാരണയാണ് ഈ പട്ടിക നൽകുന്നത്. ഓരോ ജില്ലയിലെയും ജനസംഖ്യയുടെ വ്യത്യാസം ചേർത്ത് പരിശോധിച്ചാൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളിൽ നിന്നും കേരളത്തിലെ ഒരുപ്രദേശവും മുക്തമല്ല എന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. കൂടാതെ വർഷംതോറും കേസുകൾ വർദ്ധിക്കുന്നതായും മനസ്സിലാക്കാൻ സാധിക്കും.

**പട്ടിക 1.4**

**വയനാട് ജില്ലയിൽ റിപ്പോർട്ട് ചെയ്ത കേസുകൾ**

| **വർഷം** | **കോടതി** | **പോലീസ്** | **സി.ഡബ്ല്യൂ.സി** |
|---|---|---|---|
| 2012 | 0 | 4 | 24 |
| 2013 | 26 | 43 | 7 |
| 2014 | 30 | 62 | 64 |
| 2015 | 83 | 88 | 79 |
| 2016 | 78 | 77 | 69 |
| 2017 (ജൂലൈ വരെ) | 90 | 91 | 52 |
| **ആകെ** | **307** | **365** | **295** |

വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷകളിൽ വയനാട് ജില്ലാ കോടതിയിൽ നിന്നും പോലീസ് സ്റ്റേഷനുകളിൽ നിന്നും ചൈൽഡ് വെൽഫെയർ കമ്മറ്റിയിൽ നിന്നും കിട്ടിയ വിവരങ്ങളാണ് പട്ടിക 1.4 ൽ ചേർത്തിരിക്കുന്നത്. 2016 ൽ ഒഴിച്ച് ബാക്കി എല്ലാ വർഷങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് പട്ടികയിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പനമരം, മേപ്പാടി പോലീസ് സ്റ്റേഷനുകളിൽ നിന്നും വിവരാവകാശ നിയമപ്രകാരം മറുപടി ലഭിച്ചിട്ടില്ല. പോലീസിൽ റിപ്പോർട്ടു ചെയ്യപ്പെട്ടതായി സൂചിപ്പിച്ചിരിക്കുന്ന കേസുകളുടെ എണ്ണത്തിൽ എല്ലാ പട്ടികയിലും ഈ രണ്ട് പോലീസ് സ്റ്റേഷൻ പരിധികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടവ ഉൾപ്പെടുന്നില്ല. വയനാട് പോലെയുള്ള ഒരു ചെറിയ ജില്ലയിൽ പോലീസ് സ്റ്റേഷനിലും ചൈൽഡ് വെൽഫെയർ കമ്മറ്റിയിലും എല്ലാ കേസുകളും ഒരേപോലെ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നത് ഈ പട്ടികയിൽ നിന്ന് വ്യക്തമാണ്. കൂടാതെ പോലീസ് സ്റ്റേഷനിലോ ചൈൽഡ് വെൽഫെയർ കമ്മറ്റിയിലോ എത്തുന്ന എല്ലാ പരാതികളും സമയബന്ധിതമായി കോടതികളിൽ എത്തുന്നുന്നില്ല എന്നും കരുതേണ്ടിയിരിക്കുന്നു.

**പട്ടിക 1.5**

**മലപ്പുറം ജില്ലയിൽ റിപ്പോർട്ട് ചെയ്ത കേസുകൾ**

| **വർഷം** | **കോടതി** | **പോലീസ്** | **സി.ഡബ്ല്യൂ.സി** |
|---|---|---|---|
| 2012 | 0 | 12 | – |
| 2013 | 29 | 90 | – |
| 2014 | 100 | 117 | – |
| 2015 | 102 | 194 | – |
| 2016 | 207 | 244 | – |
| 2017 (ജൂലൈ വരെ) | 134 | 170 | – |
| **ആകെ** | **572** | **827** | **–** |

മലപ്പുറം ജില്ലയിൽ ഓരോ വർഷം കഴിയുംതോറും റിപ്പോർട്ടു ചെയ്യപ്പെട്ട കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നതായി കാണാൻ കഴിയും. അപേക്ഷ സമർപ്പിച്ചതിനുശേഷം പലപ്രാവശ്യം ഫോണിൽ ബന്ധപ്പെട്ടിട്ടും മലപ്പുറം സി.ഡബ്ല്യൂ.സിയിൽ നിന്ന് രേഖാമൂലം മറുപടി ലഭിച്ചിട്ടില്ല. തങ്ങളെ സമീപിക്കുന്ന പരാതിക്കാരായ കുട്ടികളുടെ വിവരങ്ങൾ ശരിയായ രീതിയിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധനൽകാത്തതുകൊണ്ടാണിത് എന്ന് കരുതാനേ നിർവ്വാഹമുള്ളൂ.

**പട്ടിക 1.6**

**ഇടുക്കി ജില്ലയിൽ റിപ്പോർട്ട് ചെയ്ത കേസുകൾ**

| വർഷം | കോടതി | പോലീസ് | സി.ഡബ്ല്യൂ.സി |
|---|---|---|---|
| 2012 | 11 | 2 | 3 |
| 2013 | 58 | 69 | 72 |
| 2014 | 76 | 92 | 77 |
| 2015 | 99 | 87 | 92 |
| 2016 | 100 | 103 | 86 |
| 2017 (ജൂലൈ വരെ) | 105 | 112 | 70 |
| **ആകെ** | **449** | **465** | **400** |

ഇടുക്കി ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ പരിശോധിക്കുമ്പോൾ ഓരോ വർഷവും കാര്യമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു.

**പട്ടിക 1.7**

**പാലക്കാട് ജില്ലയിൽ റിപ്പോർട്ട് ചെയ്ത കേസുകൾ**

| വർഷം | കോടതി | പോലീസ് | സി.ഡബ്ല്യൂ.സി |
|---|---|---|---|
| 2012 | 0 | 11 | 5 |
| 2013 | 29 | 62 | 34 |
| 2014 | 67 | 92 | 42 |
| 2015 | 85 | 112 | 63 |
| 2016 | 131 | 123 | 68 |
| 2017 (ജൂലൈ വരെ) | 87 | 78 | 55 |
| **ആകെ** | **399** | **478** | **267** |

മറ്റ് ജില്ലകളിലേതുപോലെ പാലക്കാട് ജില്ലയിലും ഓരോ വർഷം കഴിയുംതോറും റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണത്തിൽ വർദ്ധനവുള്ളതായി കാണുന്നു.

**പട്ടിക 2**

**ഇരകൾ ലിംഗ അടിസ്ഥാനത്തിൽ**

| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | അറിയില്ല | ആകെ |
|---|---|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ- കേരളത്തിൽ (2016) | | 372 | 1811 | 9 | 2192 |
| പോലീസ് (2012-2017 ജൂലൈ വരെ) | വയനാട് | 45 | 319 | - | 364 |
| | മലപ്പുറം | 267 | 585 | - | 872 |
| | പാലക്കാട് | 22 | 481 | - | 503 |
| | ഇടുക്കി | 31 | 448 | - | 479 |
| ചൈൽഡ് വെൽഫെയർ കമ്മറ്റി (2012-2017 ജൂലൈ വരെ) | വയനാട് | 15 | 280 | - | 295 |
| | മലപ്പുറം | - | - | - | - |
| | പാലക്കാട് | 31 | 238 | - | 269 |
| | ഇടുക്കി | 27 | 373 | - | 400 |

സ്വാഭാവികമായും പെൺകുട്ടികളാണ് എല്ലാക്കാലത്തും കൂടുതൽ ചൂഷണത്തിന് ഇരകളാകുന്നത്. എന്നാൽ പട്ടിക 2 സൂചിപ്പിക്കുന്നത് കേരളത്തിൽ അപകടകരമായ നിലയിൽ ആൺകുട്ടികളും പീഡിപ്പിക്കപ്പെടുന്നു എന്നുള്ളതാണ്. 2016 ലെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം ആകെ പീഡനത്തിന് ഇരയായ കുട്ടികളിൽ 17% പേർ ആൺകുട്ടികളാണ്. മലപ്പുറംജില്ലയിൽ നിന്നും പോലീസ് നൽകിയ വിവരമനുസരിച്ച് പീഡനത്തിന് ഇരയായ കുട്ടികളിൽ ഏകദേശം 31% പേർ ആൺകുട്ടികളാണ്.

**പട്ടിക 3**

**ഇരകൾ സമുദായ അടിസ്ഥാനത്തിൽ**

| | | ഹിന്ദു | മുസ്ലീം | ക്രിസ്ത്യൻ |
|---|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ (2016) | | 1225 | 576 | 351 |
| പോലീസ് **(2012-2017 ജൂലൈ വരെ)** | വയനാട് | 216 | 91 | 51 |
| | മലപ്പുറം | - | - | - |
| | പാലക്കാട് | 398 | 98 | 6 |
| | ഇടുക്കി | 311 | 18 | 68 |
| ചൈൽഡ് വെൽഫെയർ കമ്മറ്റി **(2012-2017 ജൂലൈ വരെ)** | വയനാട് | 101 | 58 | 38 |
| | മലപ്പുറം | - | - | - |
| | പാലക്കാട് | - | - | - |
| | ഇടുക്കി | - | - | - |

പീഡനത്തിന് ഇരകളായ കുട്ടികളുടെ സമുദായ അടിസ്ഥാനത്തിലുള്ള വിവരം ഉത്തരവാദിത്വപ്പെട്ട പല വകുപ്പുകളിലും കൃത്യമായി തരംതിരിച്ച് രേഖപ്പെടുത്തിക്കാണുന്നില്ല. പട്ടിക 3 ൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജനസംഖ്യയുടെ അനുപാതത്തിനനുസൃതമാണ്ഇരകളുടെ എണ്ണം എന്ന് പൊതുവിൽ പറയാൻ കഴിയും.

**പട്ടിക 4**
**പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഇരകൾ**

| | | രജിസ്റ്റർ ചെയ്തത് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ (2016) | | 2093 | – | – | 305 | 15 |
| പോലീസ് (2012-2017 ജൂലൈ വരെ) | വയനാട് | 365 | 0 | 7 | 7 | 2 |
| | മലപ്പുറം | 827 | 1 | 13 | 14 | 2 |
| | പാലക്കാട് | 478 | 1 | 33 | 34 | 7 |
| | ഇടുക്കി | 465 | 4 | 53 | 57 | 12 |

**പട്ടിക 5**
**പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഇരകൾ**

| | | രജിസ്റ്റർ ചെയ്തത് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ശതമാനം |
|---|---|---|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ (2016) | | 2093 | – | – | 107 | 5 |
| പോലീസ് (2012-2017 ജൂലൈ വരെ) | വയനാട് | 365 | 4 | 118 | 122 | 33 |
| | മലപ്പുറം | 827 | 1 | 9 | 10 | 1 |
| | പാലക്കാട് | 478 | 0 | 1 | 1 | 0.2 |
| | ഇടുക്കി | 465 | 0 | 16 | 16 | 3 |

പട്ടിക 4, 5 എന്നിവ പരിശോധിക്കുമ്പോൾ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുംമറ്റ് സമുദായ അംഗങ്ങളെപ്പോലെ സമാനമായ പീഡനങ്ങൾക്ക് ഇരകളാകുന്നതായി കാണുന്നു. എന്നാൽ വയനാട് ജില്ലയിൽ പീഡനങ്ങൾക്ക് ഇരകളാക്കപ്പെട്ട പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ശതമാനത്തിലെ വർദ്ധനവ് അവരുടെ ജീവിതം ഒട്ടും സുരക്ഷിതമല്ല എന്ന് വ്യക്തമാക്കുന്നു.

## പട്ടിക 6
## പ്രതികൾ സമുദായ അടിസ്ഥാനത്തിൽ

| | | ഹിന്ദു | മുസ്ലീം | ക്രിസ്ത്യൻ | അറിയില്ല | ആകെ |
|---|---|---|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ (2016) | | 1250 | 656 | 329 | 236 | 2471 |
| പോലീസ് (2012–2017 ജൂലൈ വരെ) | വയനാട് | 220 | 108 | 70 | – | 398 |
| | മലപ്പുറം | – | – | – | – | – |
| | പാലക്കാട് | 353 | 118 | 30 | – | 501 |
| | ഇടുക്കി | 332 | 45 | 161 | – | 538 |

## പട്ടിക 7
## പ്രതികൾ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർ

| | | ആകെ പ്രതികളുടെ എണ്ണം | ആകെ |
|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ (2016) | | 2471 | 228 |
| പോലീസ് (2012–2017 ജൂലൈ വരെ) | വയനാട് | 398 | 2 |
| | മലപ്പുറം | – | – |
| | പാലക്കാട് | 501 | – |
| | ഇടുക്കി | 538 | 39 |

## പട്ടിക 8
## പ്രതികൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ

| | | ആകെ പ്രതികളുടെ എണ്ണം | ആകെ | ശതമാനം |
|---|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ (2016) | | 2471 | 77 | 3 |
| പോലീസ് (2012–2017 ജൂലൈ വരെ) | വയനാട് | 398 | 97 | 24 |
| | മലപ്പുറം | – | – | – |
| | പാലക്കാട് | 501 | – | – |
| | ഇടുക്കി | 538 | 14 | 3 |

പട്ടിക 6,7,8 പരിശോധിക്കുമ്പോൾ കേരളത്തിലെ ജനസംഖ്യയും പ്രതികളുടെ സമുദായങ്ങളും തമ്മിൽ ഏകദേശം സമാന അനുപാതമാണ് എന്ന് കാണാൻ കഴിയും. പട്ടികജാതിക്കാർ കൂടുതലുള്ള ജില്ലകളിൽ അവരുടെ എണ്ണം കൂടുതലുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രതികൾ വയനാട് ജില്ലയിൽ മൊത്തം പ്രതികളുടെ നാലിലൊന്ന് വരുന്നു എന്നത് പ്രത്യേകം പരിഗണിക്കപ്പെടേണ്ട വിഷയമാണ്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഇരകളുടെ എണ്ണവും പ്രതികളുടെ എണ്ണവും താരതമ്യം ചെയ്ത് പരിശോധിക്കുമ്പോൾ ആദിവാസി സമുദായങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റവും മൂല്യച്യുതിയും ഗൗരവമായ കാര്യമായി കണക്കാക്കേണ്ടിവരും.

## പട്ടിക 9

## ഇരകളായ കുട്ടികളുടെ എണ്ണം പ്രായത്തിന്റെ അടിസ്ഥാനത്തിൽ

| | | ആകെ | 1–5 | 6–10 | 11–13 | 14–18 | അറിയില്ല |
|---|---|---|---|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ (2016) | | 2192 | 42 | 301 | 800 | 1029 | 20 |
| പോലീസ് (2012–2017 ജൂലൈ വരെ) | വയനാട് | 367 | 8 | 59 | 79 | 221 | – |
| | മലപ്പുറം | 872 | 25 | 164 | 230 | 453 | – |
| | പാലക്കാട് | 502 | 19 | 75 | 98 | 310 | – |
| | ഇടുക്കി | 465 | 20 | 54 | 82 | 304 | 5 |

എല്ലാ പ്രായത്തിലുമുള്ള കുട്ടികൾ ചൂഷണങ്ങൾക്ക് ഇരകളാകുന്നു എന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്. എന്നാൽ കൗമാരപ്രായക്കാരായ കുട്ടികളാണ് കൂടുതലും പീഡനങ്ങൾക്കിരകളാകുന്നത്. പട്ടിക 2 മായി ചേർത്തുവായിക്കുമ്പോൾ കൗമാരപ്രായത്തിലുള്ള പെൺകുട്ടികളാണ് ഏറ്റവും കൂടുതൽ ചൂഷണങ്ങൾക്ക് ഇരകളാകുന്നത് എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. സ്നേഹം നടിച്ച് പെൺകുട്ടികളെ ചൂഷണം ചെയ്യുന്ന സാഹചര്യവും അതോടൊപ്പം കൗമാരക്കാരായ കുട്ടികൾക്ക് മാതാപിതാക്കളിൽ നിന്നും മറ്റുള്ളവരിൽ നിന്നുമുള്ള പ്രത്യേക കരുതലും സംരക്ഷണവും ലഭിക്കുന്നുണ്ടോ എന്നത് ഗൗരവമായ ചർച്ചയ്ക്ക് വിഷയമാക്കേണ്ട കാര്യമാണ്.

## പട്ടിക 10

## പ്രതികളുടെ പ്രായം

| | | ആകെ | <18 | 18–30 | 31–40 | 41–50 | 51–60 | 61> | അറിയില്ല |
|---|---|---|---|---|---|---|---|---|---|
| ക്രൈം റെക്കോർഡ്സ് ബ്യൂറോ (2016) | | 2486 | 154 | 1244 | | 569 | | 136 | 383 |
| പോലീസ് (2012–2017 ജൂലൈ വരെ) | വയനാട് | 400 | 49 | 189 | 73 | 44 | 31 | 14 | – |
| | മലപ്പുറം | 958 | 24 | 386 | 328 | 136 | 47 | 37 | – |
| | പാലക്കാട് | 501 | 19 | 151 | 232 | 54 | 30 | 15 | – |
| | ഇടുക്കി | 513 | 52 | 233 | 92 | 81 | 46 | 9 | – |

കേരളത്തിൽ പൊതുവിലും,ഈ പഠനത്തിൽ പ്രത്യേകം പരിഗണിക്കുന്ന ജില്ലകളിലുംഒരുപോലെ കാണുന്ന പ്രത്യേകത പോക്സോ കേസുകളിൽ പ്രതികളായിരിക്കുന്നവരിൽ പകുതിയിൽ കൂടുതലും 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ളവരാണ് എന്നതാണ്. എല്ലാപ്രായത്തിലുമുള്ള പ്രതികൾ ഉണ്ടെങ്കിലും കേരളത്തിലെ യുവജനങ്ങൾക്കിടയിൽ ഇത്രയേറെപേർ കുട്ടികൾക്കെതിരെ ലൈംഗിക അതിക്രമങ്ങൾ നടത്തുന്നു എന്നത് ഏറെ ഭയാശങ്ക ഉണർത്തുന്ന കാര്യമാണ്. നമ്മുടെ ഭാവിതലമുറയുടെ കൈയ്യിൽ കുട്ടികൾ എത്രമാത്രം സുരക്ഷിതരാണ് എന്ന സംശയം ഗൗരവമായ പഠനങ്ങൾക്കും പരിശീലനങ്ങൾക്കും അവസരമൊരുക്കണം.

### പട്ടിക 11
### രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ കോടതി നടപടികൾ പൂർത്തിയായവ

| | | രജിസ്റ്റർ ചെയ്തത് | നടപടികൾ പൂർത്തിയായവ | ശതമാനം |
|---|---|---|---|---|
| ബാലാവകാശ കമ്മീഷൻ | | 7711 | 881 | 11 |
| കോടതി | വയനാട് | 307 | 125 | 41 |
| | മലപ്പുറം | 572 | 138 | 24 |
| | പാലക്കാട് | 399 | 44 | 11 |
| | ഇടുക്കി | 449 | 108 | 24 |

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച കോടതി നടപടികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് നിബന്ധനയുള്ളപ്പോൾ കേരളത്തിൽ ബാലാവകാശ കമ്മീഷനിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് 11 ശതമാനം കേസുകളിൽ മാത്രമേ കോടതി നടപടികൾ പൂർത്തിയായിട്ടുള്ളൂ. പ്രത്യേകം പരിഗണിച്ച ജില്ലകളിൽ പാലക്കാടും സംസ്ഥാന ശരാശരിയോടൊപ്പമാണ്. മലപ്പുറം, ഇടുക്കി ജില്ലകളിൽ നാലിൽ മൂന്ന് ഭാഗം കേസുകളും കോടതികളിൽ കെട്ടിക്കിടക്കുന്നു. വയനാട് ജില്ലയിൽ മാത്രമാണ് കുറച്ചെങ്കിലും മെച്ചപ്പെട്ട ശതമാനം ഇക്കാര്യത്തിൽ കാണാൻ കഴിയുന്നത്. കുട്ടികൾക്കെതിരെയുള്ളയുള്ള അതിക്രമങ്ങൾ നടക്കുന്ന കേസുകൾ പരിഗണിക്കുന്നതിനുവേണ്ടി പ്രത്യേക കോടതികളുടെ കുറവ് ഈ പട്ടിക വ്യക്തമാക്കുന്നു.

### പട്ടിക 12
### പ്രതികളെ ശിക്ഷിച്ചത്

| | | നടപടികൾ പൂർത്തിയായവ | ശിക്ഷിച്ചത് | ശതമാനം |
|---|---|---|---|---|
| ബാലാവകാശ കമ്മീഷൻ | | 881 | 126 | 14 |
| കോടതി | വയനാട് | 125 | 38 (37) | 30 |
| | മലപ്പുറം | 138 | 25 | 18 |
| | പാലക്കാട് | 44 | 10 | 23 |
| | ഇടുക്കി | 108 | 13 | 12 |

പട്ടിക 11 ന്റെ തുടർച്ചയായി കോടതി നടപടികൾ പൂർത്തിയായ കേസുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വീണ്ടും എല്ലാവരുടെയും പ്രത്യേക ശ്രദ്ധ അർഹിക്കുന്ന കാര്യമാണ്. ബാലാവകാശ കമ്മീഷൻ നൽകിയ മറുപടിയിൽ നിന്നും കേരളത്തിൽ വെറും 14 ശതമാനം പ്രതികൾ മാത്രമാണ് ശിക്ഷിക്കപ്പെട്ടിട്ടുള്ളത്. വയനാട് ജില്ലയിൽ 30 ശതമാനവും പാലക്കാട് 23 ശതമാനവും ശിക്ഷിക്കപ്പെട്ടപ്പോൾ മലപ്പുറത്ത് 18 ശതമാനവും ഇടുക്കിയിൽ 12 ശതമാനവും പേർ മാത്രമാണ് ശിക്ഷിക്കപ്പെട്ടത്. തങ്ങൾ ചൂഷണത്തിനിരയായി എന്ന കുട്ടികളുടെ പരാതികളിൽ ഇത്രവലിയ ശതമാനം കളവാകാൻ ഒരു സാധ്യതയുമില്ല. അങ്ങനെയെങ്കിൽ ശരിയായ തെളിവുകൾ ഹാജരാക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെടുന്നു എന്നോ അഥവാ കേസുകൾ പല സമ്മർദ്ധങ്ങൾക്കൊണ്ട് ഒത്തുതീർപ്പിലാകുന്നു എന്നോ കരുതേണ്ടിയിരിക്കുന്നു. കൂടാതെ

പോക്സോ നിയമപ്രകാരം കുറ്റം ചെയ്തിട്ടില്ല എന്ന കാര്യം തെളിയിക്കേണ്ട ചുമതല പ്രതികളുടേതാണെന്ന നിയമ സങ്കൽപ്പം കോടതി എത്രമാത്രം പരിഗണിക്കുന്നുണ്ട് എന്നും സംശയിക്കേണ്ടിയിരിക്കുന്നു. വയനാട് ജില്ലയിൽ ശിക്ഷിക്കപ്പെട്ട പ്രതികളിൽ 34 ശതമാനം പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.

**പട്ടിക 13**

**കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങളിൽ പുനരധിവസിപ്പിക്കപ്പെട്ട ഇരകൾ**

| | | ആകെ | പുനരധിവസിപ്പിക്കപ്പെട്ടവർ | ശതമാനം |
|---|---|---|---|---|
| ബാലാവകാശ കമ്മീഷൻ | | 7711 | 2798 | 36 |
| ചൈൽഡ് വെൽഫെയർ കമ്മറ്റി | വയനാട് | 295 | 96 | 33 |
| | മലപ്പുറം | – | – | – |
| | പാലക്കാട് | 267 | 85 | 32 |
| | ഇടുക്കി | 400 | 96 | 23 |

സംസ്ഥാന തലത്തിൽ ചൂഷണത്തിനിരകളാക്കപ്പെട്ട 36 ശതമാനം പേരെ കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങളിൽ പുനരധിവസിപ്പിച്ചു എന്ന് ബാലാവകാശ കമ്മീഷൻ നൽകിയ രേഖയിൽ കാണുന്നു. ചൈൽഡ് വെൽഫെയർ കമ്മറ്റി മുമ്പാകെ വന്ന കേസുകളിൽ മൂന്നിലൊന്നിൽ താഴെ കുട്ടികളെ മാത്രമേ പുനരധിവാസ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചിട്ടുള്ളൂ. ബഹുഭൂരിഭാഗം കുട്ടികളും ചൂഷണങ്ങൾക്കിരയായ സാഹചര്യങ്ങളിലേക്ക് തിരികെപോകുന്നതും വളരെയേറെ പ്രതികൾ കുറ്റവിമുക്തരായി ശിക്ഷ ലഭിക്കാതെ രക്ഷപ്പെടുന്നതും തമ്മിൽ ബന്ധമുള്ളതായി പ്രഥമദൃഷ്ട്യാ മനസ്സിലാക്കേണ്ടിവരും. കുടുംബാംഗങ്ങളെ സാമ്പത്തികമായും രാഷ്ട്രീയമായും സ്വാധീനിച്ചും ഭീഷണിപ്പെടുത്തിയും കേസുകൾ ഒത്തുതീർപ്പിലാക്കാൻ സമ്മർദ്ധമുണ്ടാകുന്നതാണോ എന്നത് സംബന്ധിച്ച് കൂടുതൽ പഠനം ആവശ്യമാണ്.

**പട്ടിക 14**

**സർക്കാർ നഷ്ടപരിഹാരം നൽകിയവർ**

| | | ആകെ |
|---|---|---|
| ബാലാവകാശ കമ്മീഷൻ (2016 വരെ) | | 46 |
| കോടതി (2016-17) | വയനാട് | 12 |

പീഡനങ്ങൾക്കിരകളായ കുട്ടികളിൽ വളരെക്കുറച്ച് പേർക്ക് മാത്രമേ നിയമത്തിൽ വിവക്ഷിച്ചിരിക്കുന്ന നഷ്ടപരിഹാരം ലഭിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. വയനാട് ജില്ലയിൽ 2017 വർഷത്തിൽ 11 കുട്ടികൾക്ക് ആകെ 3 ലക്ഷം രൂപ നൽകിയതായാണ് വിവരാവകാശ മറുപടിയിൽ പറയുന്നത്. അർഹതപ്പെട്ട നഷ്ടപരിഹാരം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് ചുമതലപ്പെട്ടവരും കോടതിയുംഇക്കാര്യത്തിൽ കാര്യമായ നടപടികളൊന്നും എടുക്കുന്നില്ല എന്ന് കരുതേണ്ടിയിരിക്കുന്നു.

# അദ്ധ്യായം 4 - ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

## 6.1 ഉദ്യോഗസ്ഥരും പൊതു പ്രവർത്തകരുമായി നടത്തിയ ചർച്ച

2018 ഫെബ്രുവരി 22 ന് ഉച്ചകഴിഞ്ഞ് കൽപ്പറ്റ എം.ജി.റ്റി ഹാളിൽവെച്ച് വയനാട് ജില്ല യിലെ കുട്ടികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പൊതുപ്രവർത്തകരുമായി നീതിവേദി പോക്സോ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് നടത്തിയ പഠനത്തിലെ പ്രാഥ മികകണ്ടെത്തലുകളും നിരീക്ഷണങ്ങളും പങ്കുവെച്ചു.അതിന്റെ അടിസ്ഥാനത്തിൽ നടന്ന ചർച്ച കളിൽ ഉൾത്തിരിഞ്ഞ പ്രധാന ആശയങ്ങൾ താഴെ പറയുന്നവയാണ്.

പോക്സോ കേസുകൾ വർഷം തോറും വർദ്ധിക്കുന്നുണ്ടോ അഥവാ കുറയുകയാണോ എന്നുള്ളതായിരുന്നു ആദ്യം ചർച്ച ചെയ്ത കാര്യം. ആദ്യകാലങ്ങളിൽ കേസുകൾ ഒതുക്കി തീർക്കാനാണ് ബന്ധപ്പെട്ട കക്ഷികൾ ശ്രമിച്ചിരുന്നതെന്നും എന്നാൽ ക്രമേണ ആളുകളിൽ ഈ നിയമം സംബന്ധിച്ച ബോധവത്ക്കരണം കൂടുതൽ ഉണ്ടായതിന്റെ ഫലമായി ചൂഷണത്തിനിരക ളാകുന്ന കുട്ടികളും മാതാപിതാക്കളും കേസുകൾ റിപ്പോർട്ടു ചെയ്യാൻ തയ്യാറായിട്ടുണ്ട് എന്നും മിക്കവരുംഅഭിപ്രായപ്പെട്ടു. അതിന്റെ ഫലമായിട്ടാണ് കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. അടുത്തകാലങ്ങളിൽ റിപ്പോർട്ട് ചെയ്ത പല കേസുകളും വർഷങ്ങൾക്കോ മാസങ്ങൾക്കോ മുമ്പ് നടന്നതാണ് എന്നത് ഈ ധാരണയെ ശക്തിപ്പെടുത്തുന്നു. കൂടാതെ സ്ക്കൂളുകളിലെ സ്ക്കൂൾ കൗൺസിലർമാരോട് കുട്ടികൾക്ക് പ്രശ്നങ്ങൾ തുറന്ന് പറയാനുള്ള സാഹചര്യം അടുത്തകാലത്തായി കൂടിയത് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ഗുണപരമായ മാറ്റത്തിന് കാരണമാണ്. കുട്ടികൾക്കെതിരെയുള്ള ചൂഷണങ്ങൾ അറിഞ്ഞിട്ട് റിപ്പോർട്ട് ചെയ്തി ല്ലെങ്കിലുള്ള നിയമപ്രശ്നങ്ങളെപ്പറ്റിയുള്ള അവബോധവുംകേസുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കാരണമായിട്ടുണ്ട്.അതേസമയം കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളിൽ ഓരോ വർഷവും വർദ്ധനവുണ്ടാകുന്നതായി ചർച്ചയിൽ പങ്കെടുത്തവരിൽ ഏതാനും പേർ അഭിപ്രായ പ്പെട്ടു.

ആദിവാസി മേഖലയിൽ പോക്സോ കേസുകൾ കൂടി വരുന്നതിന്റെ വിവിധ മാനങ്ങ ളാണ് അടുത്തതായി ചർച്ച ചെയ്തത്.വിവിധ സാഹചര്യങ്ങൾക്കൊണ്ട് ലൈംഗിക അതിക്രമ ങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാക്കപ്പെടുന്ന കുട്ടികളിൽ ആനുപാതികമായി ആദി വാസി വിഭാഗത്തിലുള്ളവർ കൂടുതലാണ് എന്നതിൽ ആർക്കും തർക്കമില്ല. മാതാപിതാക്കളുടെ മദ്യപാനം, ശ്രദ്ധക്കുറവ്, ദാരിദ്ര്യം, സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തുടങ്ങിയവ പ്രധാന കാരണങ്ങളാണ്. സുരക്ഷിതമല്ലാത്ത വീടുകളാണ് ആദിവാസി വിഭാഗത്തിലുള്ളവരുടെ ഇടയിൽ കേസുകൾ കൂടുന്നതിനുള്ള മറ്റൊരു പ്രധാന കാരണം. അതേസമയം ആദി വാസികൾക്ക് പോക്സോ നിയമവും ശൈശവ വിവാഹ നിരോധന നിയമവും സംബ ന്ധിച്ച്വേണ്ടത്ര ധാരണകൾ നൽകുന്നതിൽ ബന്ധപ്പെട്ടവരൊക്കെ പരാജയപ്പെട്ടതായി ചർച്ച യിൽ പലരും അഭിപ്രായപ്പെട്ടു. വയനാട് പോലെയുള്ള ചില ജില്ലകളിൽ പോക്സോ കേസുക ളിൽ പ്രതികളായവരും ശിക്ഷിക്കപ്പെട്ടവരുമായ ആദിവാസികളുടെ എണ്ണവും കൂടുതലാ ണെന്ന്പഠനങ്ങളിൽ കാണുന്നു. ആദിവാസി പാരമ്പര്യമനുസരിച്ച് നിയമപരമായി പ്രായ പൂർത്തിയാകാതെ വിവാഹത്തിൽ ഏർപ്പെട്ട പലരും പോക്സോ കേസുകളിൽ പ്രതികളായി എന്ന ശക്തമായ ആരോപണം ചിലർക്കുണ്ട്. ശൈശവ വിവാഹ നിരോധന നിയമപ്രകാരം കേസ് എടുക്കുന്നതിനു പകരം അവർക്കെതിരെ പോക്സോ നിയമപ്രകാരം കേസെടുക്കുന്ന തായി ചിലരെങ്കിലും ആരോപണം ഉന്നയിച്ചു.ആദിവാസി സമുദായത്തിൽപ്പെട്ട പ്രതികൾക്ക് വേണ്ടത്ര പണംകൊടുത്ത് പ്രഗത്ഭരായ അഭിഭാഷകരെ കേസ് ഏൽപ്പിക്കുന്നതിന്കഴിയാറി

ല്ലെന്നുംമറ്റ് സമുദായത്തിൽപ്പെട്ട പ്രതികൾ കേസിൽ നിന്ന് രക്ഷപ്പെടുന്നത് അവരുടെ സാമ്പത്തിക ശക്തികൊണ്ടാണെന്നും ചിലർ അഭിപ്രായപ്പെട്ടു. പബ്ലിക് പ്രോസിക്യൂട്ടർ തുടങ്ങിയ ചിലർക്ക് ഈ അഭിപ്രായത്തോട് യോജിപ്പില്ല. നിയമാനുസരണം കുറ്റം ചെയ്തു എന്ന് കോടതിക്ക് ബോദ്ധ്യമായവർ മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളൂ എന്നാണ് അവരുടെ അഭിപ്രായം.

പോക്സോ കേസുകളിൽ ഇരകളെയും കുടുംബാംഗങ്ങളെയും സാമ്പത്തികമായും രാഷ്ട്രീയമായും സ്വാധീനിച്ച് കേസുകൾ ഒത്തുതീർപ്പാക്കുന്ന പ്രവണത കൂടുന്നുണ്ടെന്ന ആശങ്ക ചിലരെങ്കിലും പങ്കുവെച്ചു. പ്രോസിക്യൂഷൻ ഭാഗത്തുനിന്നുള്ള അഭിഭാഷകരും പ്രതികളുടെ അഭിഭാഷകരും തമ്മിൽ ഇക്കാര്യത്തിൽ ധാരണകൾ ഉണ്ടാകുന്നതായി ചില കേസുകളിലെങ്കിലും വ്യക്തമാണെന്ന് ചിലർ സൂചിപ്പിച്ചു. ആദിവാസികളായ പ്രതികൾക്ക് ഇത്തരം സാധ്യതകൾ കുറവായതുകൊണ്ടാണ് ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം അവരുടെ ഇടയിൽ കൂടുന്നത് എന്ന പരാമർശം ചിലരിൽ നിന്നുണ്ടായി.

പോക്സോ നിയമം അനുശാസിക്കുന്ന ക്രമീകരണങ്ങളും നടപടിക്രമങ്ങളും പല കോടതികളിലും പാലിക്കപ്പെടുന്നില്ല എന്ന അഭിപ്രായം ചിലർ പ്രകടിപ്പിച്ചു.ഈ നിയമപ്രകാരം കുറ്റം ചെയ്തില്ല എന്ന് തെളിയിക്കേണ്ട ബാധ്യത പ്രതിക്കാണെങ്കിലും പല ജഡ്ജിമാരും സാധാരണ ക്രിമിനൽ കേസുകൾ നടത്തുന്ന രീതിയിലാണ് തെളിവുകൾ വിലയിരുത്തുന്നതും വിധി പുറപ്പെടുവിക്കുന്നതും എന്ന് നിയമ മേഖലയിൽ പ്രാവീണ്യമുള്ള പലരും അഭിപ്രായപ്പെട്ടു. പോക്സോ കേസുകളിലെ ഇരകളെ സഹായിക്കാൻസപ്പോർട്ട് പേഴ്സണെ അനുവദിക്കുന്നത് കുട്ടികൾക്ക് വളരെ പ്രയോജനപ്രദമാണ്. എന്നാൽ മിക്ക കേസുകളിലും സപ്പോർട്ട് പേഴ്സൺ എന്ന സംവിധാനം ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. പോക്സോ നിയമം സംബന്ധിച്ച് കൂടുതൽ ആഴത്തിലുള്ള ബോധവത്ക്കരണ പരിപാടികൾ ജഡ്ജിമാർക്കും അഭിഭാഷകർക്കും ഡോക്ടർമാർക്കും പൊതുപ്രവർത്തകർക്കുംനൽകണമെന്ന് പലരും അഭിപ്രായപ്പെട്ടു.

ഷെൽട്ടർ ഹോമുകളിൽ താമസിക്കുന്ന ഇരകളുടെ കേസുകൾ താരതമ്യേന മെച്ചപ്പെട്ട രീതിയിൽ നടക്കുന്നുണ്ടെന്നും എന്നാൽ വീടുകളിലേക്ക് തിരിച്ച് പോകുന്ന ഇരകളുടെ കേസുകൾകൂടുതലും ഒത്തുതീർപ്പിലെത്തുന്നുണ്ടെന്നും പലരും അഭിപ്രായപ്പെട്ടു.ഇതിനു കാരണം പ്രതികൾക്ക് മാതാപിതാക്കളെ സ്വാധീനിക്കാൻ കഴിയുന്നതുകൊണ്ടാണ്. പല ജില്ലകളിലെയും ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം തികച്ചും അശാസ്ത്രീയമാണെന്നും കുട്ടികൾ സുരക്ഷിതരല്ല എന്നും പരിശീലനങ്ങൾ ലഭിക്കാത്ത സ്റ്റാഫ് അംഗങ്ങളാണ് അവിടെ ഉള്ളതെന്നും പലരും അഭിപ്രായപ്പെട്ടു.ഷെൽട്ടർ ഹോമിൽ താമസിക്കുന്ന കുട്ടികൾ സ്ക്കൂളുകളിൽ ചെല്ലുമ്പോൾ മറ്റ് കുട്ടികളിൽ നിന്നും വിവേചനം നേരിടുന്നതായുംപലരും സൂചിപ്പിച്ചു.

പോക്സോ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാരിൽ സമ്മർദ്ധം ചെലുത്തേണ്ടതുണ്ടെന്നും അഭിഭാഷകർ ഉൾപ്പെടെ പലരും അഭിപ്രായപ്പെട്ടു.

## 6.2 ലൈംഗിക അതിക്രമങ്ങൾക്കിരയായവരോട് നേരിട്ട് അഭിമുഖം നടത്തിയ വരുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച

2018 ഫെബ്രുവരി 26 ന് കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് ലൈംഗിക അതിക്രമങ്ങൾക്കിരയായ കുട്ടികളുമായി നേരിട്ട് അഭിമുഖം നടത്തിയനീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങൾഅഭിമുഖം നടത്തിയതുവഴി ലഭിച്ച കണ്ടെത്തലുകളും നിരീക്ഷണങ്ങളും പങ്കുവെച്ചു.വയനാട് ജില്ലയിലെ 25, ഇടുക്കി ജില്ലയിലെ 10, മലപ്പുറം ജില്ലയിലെ 3 എന്നിവരുൾപ്പെടെ 38 പേരുമായിട്ടാണ് സ്റ്റാഫ് അംഗങ്ങൾ അഭിമുഖം നടത്തിയത്.

അഭിമുഖം നടത്തിയ 38 പേരിൽ 6-10 വയസ്സിനിടയിലുള്ളവർ2 പേരും 11-13 വയസ്സിനിടയിലുള്ളവർ 7 പേരും 14-18 വയസ്സിനിടയിലുള്ളവർ 29 പേരുമായിരുന്നു. സമുദായ അടിസ്ഥാനത്തിൽ പ്രസ്തുത കുട്ടികളിൽ 30 പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും 4 പേർ മുസ്ലീം വിഭാഗത്തിലും 3 പേർ ക്രൈസ്തവ വിഭാഗത്തിലും 1 ആൾ പട്ടിക ജാതി വിഭാഗത്തിലുംപെട്ടവരായിരുന്നു. പട്ടിക വർഗ്ഗത്തിൽപ്പെട്ടവരിൽ 16 പേർ പണിയ സമുദായാംഗങ്ങളും 5 പേർ വീതം കാട്ടുനായ്ക്ക, ഊരാളി സമുദായാംഗങ്ങളുമാണ്.നീതിവേദി സ്റ്റാഫ് അംഗങ്ങൾ പ്രധാനമായും ആദിവാസി സമൂഹങ്ങളുടെ ഇടയിലാണ് പ്രവർത്തിക്കുന്നത് എന്നതുകൊണ്ടാണ് അവർക്ക് മുഖ്യമായും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുമായി അഭിമുഖം നടത്താൻ കഴിഞ്ഞത്.

ബോധവത്ക്കരണ പരിപാടികളുടെ ഫലമായി കുട്ടികൾ കൂടുതലായി പ്രതികരിക്കാൻ തുടങ്ങിയതാണ്കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടാൻ കാരണമെന്നതാണ് അവരുടെ അഭിപ്രായം. കേസുകളിൽഇരകളായ ചിലർക്കെങ്കിലും നഷ്ടപരിഹാരം ലഭിച്ചത് മറ്റുപലർക്കും സമാനമായ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പ്രേരണ നൽകിയിട്ടുണ്ട്. അതോടൊപ്പം പല കേസുകളിലെയും പ്രതികൾക്ക് ശരിയായ ശിക്ഷ ലഭിക്കാത്തത്കുറ്റങ്ങൾ ആവർത്തിക്കുന്നതിന് കാരണമായിട്ടുണ്ടെന്നും സ്റ്റാഫ് അംഗങ്ങളിൽ പലർക്കും അഭിപ്രായമുണ്ട്.ആദിവാസി സമൂഹത്തിൽ പോക്സോ കേസുകൾ വർദ്ധിച്ചുവരുന്നതായും എന്നാൽ ആദിവാസി, മുസ്ലീം സമുദായത്തിൽപ്പെട്ടവരുടെ ഇടയിൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത ധാരാളം കേസുകൾ ഉണ്ടെന്നും ഫീൽഡിലെ പലരിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞതായി അവർ സൂചിപ്പിച്ചു.

ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് കൂടുതൽ ചൂഷണങ്ങൾക്ക് ഇരകളാകുന്നത് എന്നാണ് അഭിമുഖത്തിൽ നിന്നും മറ്റ് കണക്കുകളിൽ നിന്നും മനസ്സിലാകുന്നത് എന്നാൽചൂഷണത്തിനിരകളായ പല ആൺകുട്ടികളുടെയും കാര്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന അഭിപ്രായവും അവർക്കുണ്ട്.

മാതാപിതാക്കളും കുടുംബങ്ങളിലെ മുതിർന്ന വ്യക്തികളും പണിക്കുപോകുന്ന സമയത്ത് കുട്ടികൾ പലപ്പോഴും തനിച്ചാകുന്ന സ്ഥിതിയുണ്ട്. അഭിമുഖത്തിൽ പങ്കെടുത്ത 14 പേർ ചൂഷണത്തിന് ഇരകളായത് അവർ വീട്ടിൽ തനിച്ചായിരുന്നതുകൊണ്ടാണ്. കുട്ടികൾ ബന്ധുവീടുകളിലും അയൽവക്കങ്ങളിലും തനിച്ച് പോകുമ്പോൾ പീഡനങ്ങൾക്കിരയാകാനുള്ളസാഹചര്യവും കൂടുതലാണ്.അഭിമുഖത്തിൽ പങ്കെടുത്ത 38 കുട്ടികളിൽ 19 പേർ അയൽവാസികളിൽ നിന്നും 9 പേർ അടുത്ത ബന്ധുക്കളിൽ നിന്നുമാണ് പീഡിപ്പിക്കപ്പെട്ടത്.മറ്റുള്ളവർ പണവും മറ്റ് സമ്മാനങ്ങളും നൽകി കുട്ടികളെ ചൂഷണങ്ങൾക്ക് ഇരകളാക്കുന്നതുംഊരുകളിൽ ഇൻസ്റ്റാൾമെന്റ് കച്ചവടം നടത്താൻ വരുന്ന ചിലരെങ്കിലും സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നതും ആദിവാസികൾക്കിടയിൽ കൂടുതലാണ് എന്ന് പലരും അഭിപ്രായപ്പെട്ടു.

14 നും 18 നും ഇടയിൽ പ്രായമായ കുട്ടികളാണ് ചൂഷണത്തിന് കൂടുതലായി ഇരകളാകുന്നത്. വിവാഹം കഴിക്കാമെന്ന വാഗ്ദാനം നൽകി പ്രായപൂർത്തികാത്ത പെൺകുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്ത് പിന്നീട് അവരെ ഉപേക്ഷിച്ചുപോകുന്ന സാഹചര്യങ്ങൾ

വർദ്ധിച്ചുവരുന്നതായി പല സ്റ്റാഫ് അംഗങ്ങളും അഭിപ്രായപ്പെട്ടു. അത്തരം കേസുകൾ പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതായി കാണുന്നു. ആദിവാസി ഇരകളിൽ പഠനം നിർത്തിയവരാണ് കൂടുതലും ചൂഷണങ്ങൾക്ക് ഇരകളാകുന്നത് എന്നാണ് അവരുടെ അഭിപ്രായം. അഭിമുഖത്തിൽ പങ്കെടുത്ത 38 ൽ 11 പേർ (29 ശതമാനം) സ്ക്കൂൾ പഠനം അവസാനിപ്പിച്ച വരാണ്.

കുട്ടികളുടെ കുടുംബാംന്തരീക്ഷം ചൂഷണത്തിനിരകളാകാനുള്ള പ്രധാന കാരണമാണ്.മാതാപിതാക്കളുടെ മദ്യപാനവും സുരക്ഷിതമല്ലാത്ത വീടുകളും കുടുംബങ്ങളിൽ നിന്നും സ്നേഹം ലഭിക്കാത്ത സാഹചര്യങ്ങളും ആദിവാസി സമൂഹത്തിലെ പോക്സോ കേസുകൾ വർദ്ധിക്കുന്നതിലെ പ്രധാന കാരണങ്ങളാണ്.അഭിമുഖത്തിൽ പങ്കെടുത്ത 38 കുട്ടികളിൽ 17 പേരുടെയും മാതാപിതാക്കൾ മദ്യപാനികളാണ്. വീട്ടിലെ ദാരിദ്ര്യവും മാതാപിതാക്കളുടെ നിരുത്തരവാദിത്വവും പല കുട്ടികളും ചൂഷണത്തിനിരകളായതിലേക്ക് നയിച്ച കാരണങ്ങളാണ്.

അഭിമുഖത്തിൽ പങ്കെടുത്ത കുട്ടികളുമായി ബന്ധപ്പെട്ട 38 പോക്സോ കേസുകളിൽ 44 പ്രതികളുണ്ട്. അവരിൽ 21 പേർ 18-30 വയസ്സിനിടയിലുള്ള യുവാക്കളാണ്. 44 പ്രതികളിൽ 23 പട്ടിക വർഗ്ഗക്കാരും 1 പട്ടികജാതിക്കാരനും 8 ഹിന്ദു വിഭാഗത്തിൽപ്പെട്ടവരും7 മുസ്ലീം സമുദായത്തിലുള്ളവരും 5 ക്രൈസ്തവ സമുദായാംഗങ്ങളുമാണ്. പട്ടിക വർഗ്ഗക്കാരായ 23 പ്രതികളിൽ 12 പേർ പണിയ സമുദായാംഗങ്ങളും 6 പേർ ഊരാളി സമുദായാംഗങ്ങളുമാണ്. പോക്സോ കേസുകളിലെ പ്രതികളിൽ ആനുപാതികമായി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൂടുതലാണ്.ആദിവാസി കുട്ടികളെ ചൂഷണം ചെയ്യുന്നവരിൽ പലരും ജനറൽ വിഭാഗത്തിൽപ്പെട്ട വർആണെങ്കിലും അവരെ പലപ്പോഴും പലവിധ സ്വാധീനം മൂലം പ്രതിപട്ടികയിൽ ഉൾപ്പെടുത്തുന്നില്ല എന്നാണ് സ്റ്റാഫ് അംഗങ്ങളുടെ അഭിപ്രായം.

ശൈശവ വിവാഹ നിരോധന നിയമപ്രകാരം എടുക്കേണ്ട ചില കേസുകളെങ്കിലും പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്തതായി കാണുന്നു. മാതാപിതാക്കളുടെ സമ്മതത്തോടെയും പരസ്പരം സ്നേഹിച്ചുംവിവാഹം കഴിച്ചവരിൽഒരാൾക്ക് നിയമപ്രകാരം വിവാഹപ്രായമെത്തിയില്ല എന്നതിന്റെ പേരിൽ പോക്സോ കേസിൽപ്പെട്ടുപോയിട്ടുണ്. ആദിവാസികൾക്കിടയിൽ വയസ്സറിയിക്കൽ കഴിഞ്ഞാൽ വിവാഹപ്രായമായി എന്ന തെറ്റായ ധാരണ ശൈശവവിവാഹങ്ങൾക്ക് കാരണമാകുന്നുണ്ട്.

പോക്സോ നിയമപ്രകാരമുള്ള ശിക്ഷകൾ പ്രതികൾക്ക് ലഭിക്കാത്തതും, രാഷ്ട്രീയ ഇടപെടലുകളും പൊതുസമൂഹത്തിലുള്ളവരുടെ സ്വാധീനവും ആദിവാസി കേസുകളെ ദോഷകരമായി ബാധിക്കുന്നു. പണം കൊടുത്ത് ഒത്തുതീർപ്പാക്കുന്ന പ്രവണതയും കൂടുതലാണ്. മുകളിൽ സൂചിപ്പിച്ച 38 പേരിൽ 17 പേരുടെ പരാതികൾ ഒത്തുതീർന്നതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. 16 കേസുകൾ ഇപ്പോൾ നിലവിലുണ്ട്. 5 പ്രതികളെ ശിക്ഷിച്ചപ്പോൾ 2 പേർ കുറ്റവിമുക്തരായി. ശിക്ഷിക്കപ്പെട്ടവരിൽ ഒരാൾക്ക് ജീവപര്യന്തം തടവ് ശിക്ഷ ലഭിച്ചപ്പോൾ മറ്റൊരാളുടെ ശിക്ഷ 3 മാസത്തിലൊതുങ്ങി. 38 പേരിൽ നഷ്ടപരിഹാരം ലഭിച്ചത് 5 പേർക്ക് മാത്രമാണ്.പുനരധിവാസ കേന്ദ്രങ്ങളിലെ സേവനം ലഭിച്ചത് 18 പേർക്കാണ്. അഭിമുഖത്തിൽ പങ്കെടുത്ത കുട്ടികളിൽ മിക്കവരും മാതാപിതാക്കളുടെ സംരക്ഷണയിലാണ് കഴിയുന്നത്. കുറച്ച് പേരെങ്കിലും തങ്ങളുടെയും കുഞ്ഞിന്റെയും ജീവിതച്ചിലവുകൾക്കായി കൂലിപ്പണി എടുത്ത് കഴിയുന്നു.

പോക്സോ നിയമത്തെപ്പറ്റിയും ശൈശവ വിവാഹ നിരോധന നിയമത്തെപ്പറ്റിയും ഊരുതലത്തിൽ കൂടുതൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുണ്ടെന്ന് സ്റ്റാഫ് അംഗങ്ങളോട് അഭിമുഖത്തിൽ പങ്കെടുത്ത കുട്ടികളും രക്ഷിതാക്കളും സൂചിപ്പിച്ചു.

# അദ്ധ്യായം 5 – പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

1. ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരള സർക്കാരും ബന്ധപ്പെട്ട സംവിധാനങ്ങളും കാര്യക്ഷമമായ നടപടികൾ എടുക്കുന്നതിൽ വിജയിച്ചിട്ടില്ല.
2. വർഷംതോറും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ കേസുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ട്. അത് ബോധവത്ക്കരണ പരിപാടികളിലൂടെ പരാതിപ്പെടാനുള്ള ധൈര്യം ഇരകൾക്കും ബന്ധപ്പെട്ടവർക്കും ലഭിക്കുന്നതുകൊണ്ടുമാകാം. ഇക്കാര്യത്തിൽ സ്ക്കൂൾ കൗൺസിലർമാർ, ചൈൽഡ് ലൈൻ, കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റ് സംഘടനകൾ എന്നിവരുടെ പങ്ക് വലുതാണ്.
3. ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ കുറച്ചെങ്കിലും മുൻ വർഷങ്ങളിൽ നടന്ന പീഡനങ്ങൾ സംബന്ധിച്ചുള്ളവയാണ്. അതിന് ചൂഷണത്തിനിരകളായ കുട്ടികൾക്ക് തുറന്ന് പറയാൻ അനുയോജ്യമായ സാഹചര്യം മുൻപ് ഉണ്ടാകാത്തതുകൊണ്ടാണിതെന്ന് വ്യക്തമാണ്.
4. കുട്ടികളോട് വ്യക്തിപരമായി അടുപ്പമുള്ളവരും അവരെ ശക്തിപ്പെടുത്താൻ സന്നദ്ധതയുള്ളവരുമായ അദ്ധ്യാപകരും കൗൺസിലർമാരുമുള്ള സ്ക്കൂളുകളിൽ നിന്ന് കൂടുതൽ പേർ പരാതികൾ നൽകാൻ മുന്നോട്ടുവരുന്നു.
5. കേരളത്തിൽ വിവിധ വർഷങ്ങളിലെ കേസുകൾ പരിശോധിച്ചാൽ തിരുവനന്തപുരം, മലപ്പുറം, എറണാകുളം, കോഴിക്കോട്, കൊല്ലം ജില്ലകളിൽ ആനുപാതികമായി കൂടുതൽ പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തതായി കാണുന്നു. അതേസമയം ജനസംഖ്യയിൽ വളരെക്കുറവുള്ള വയനാട് ജില്ലയിലെ കേസുകളുടെ എണ്ണംഗൗരവമായ പഠനത്തിന് വിഷയമാക്കേണ്ടതുണ്ട്.
6. ഓരോ ജില്ലയിലും കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ ശരിയായ രീതിയിൽ രേഖപ്പെടുത്താനും തുടർനടപടികളെടുക്കാനും ഒരു സർക്കാർ ഏജൻസിക്കും സാധിക്കുന്നില്ല. പോലീസ്, സി.ഡബ്ല്യൂ.സി, ചൈൽഡ് ലൈൻ, ശിശു വികസന സംരക്ഷണ യൂണിറ്റുകൾ തുടങ്ങിയവയിലൊന്നും കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. മാത്രമല്ല ഈ വകുപ്പുകൾ തമ്മിൽ ഏകോപനമില്ല എന്നും മനസ്സിലാക്കുന്നു.
7. കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച് പോലീസിൽ ലഭിക്കുന്ന എല്ലാ പരാതികളും ബന്ധപ്പെട്ട സി.ഡബ്ല്യൂ.സികളിൽ എത്തുന്നതായി കാണുന്നില്ല. ഇത് കുട്ടികൾക്ക് ലഭിക്കേണ്ട ശരിയായ സംരക്ഷണത്തിന് തടസ്സമാകുന്നു.
8. പോലീസിലും സി.ഡബ്ല്യൂ.സിയിലും എത്തുന്ന എല്ലാ പോക്സോ കേസുകളും കോടതികളിൽ എത്തുന്നില്ല എന്നത് വിവരാവകാശ നിയമപ്രകാരം ലഭിച്ച രേഖകളിൽ നിന്ന് വ്യക്തമാണ്.
9. ലൈംഗിക ചൂഷണങ്ങൾക്ക് ഇരകളാകുന്നതിൽ വലിയ ശതമാനവും പെൺകുട്ടികളാണ്. അതേസമയം എല്ലാ ജില്ലകളിലും നിരവധി ആൺകുട്ടികൾ പീഡനങ്ങൾക്കിരകളാകുന്നു. കേരളത്തിൽ പീഡനങ്ങൾക്കിരകളായവരിൽ 17 ശതമാനം പേർ ആൺകുട്ടികളാണ്. മലപ്പുറം ജില്ലയിൽ പോലീസ് രേഖകൾ പ്രകാരം പീഡനത്തിനിരകളായവരിൽ 31ശതമാനം ആൺകുട്ടികളാണ്.

10. ആദിവാസി, മുസ്ലീം സമുദായത്തിൽപ്പെട്ടവരുടെ ഇടയിൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത നിരവധി പോക്സോ കേസുകൾ ഉണ്ടെന്നും പ്രത്യേകിച്ചും ആൺകുട്ടികൾക്കെതിരെ നടക്കുന്ന ലൈംഗിക ചൂഷണങ്ങളിൽ പലതും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നുംപലർക്കും അഭിപ്രായമുണ്ട്.
11. വയനാട് ജില്ലയിൽ ചൂഷണത്തിനിരകളായവരിൽ 33 ശതമാനം പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്.
12. ആദിവാസി മേഖലയിൽ മാതാപിതാക്കളുടെ മദ്യപാനം, ശ്രദ്ധക്കുറവ്, ദാരിദ്ര്യം എന്നിവ ചൂഷണങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.
13. സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, പ്രത്യേകിച്ചും പെൺകുട്ടികൾ പഠനം നിർത്തി വീടുകളിൽ തനിച്ചായിരിക്കുന്നത് ലൈംഗിക ചൂഷണങ്ങൾക്ക് അവസരമാകുന്നു.
14. സുരക്ഷിതമല്ലാത്ത വീടുകൾ ആദിവാസി മേഖലയിലെ ലൈംഗിക അതിക്രമങ്ങളുടെ വർദ്ധനവിന് പ്രധാന കാരണമാണ്.
15. അയൽവാസികളിൽ നിന്നും അടുത്ത ബന്ധുക്കളിൽ നിന്നുമാണ് കൂടുതൽ കുട്ടികളും ലൈംഗിക ചൂഷണങ്ങൾക്ക് ഇരകളാകുന്നത്.
16. വയനാട് ജില്ലയിൽ പോക്സോ കേസുകളിലെ പ്രതികളിൽ 24 ശതമാനം പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്.
17. ആദിവാസി കുട്ടികളെ ചൂഷണം ചെയ്യുന്ന ജനറൽ വിഭാഗത്തിൽപ്പെട്ട പലരുംപലവിധ സ്വാധീനംമൂലം പ്രതിപ്പട്ടികയിൽ വരുന്നില്ല.
18. ആദിവാസി സമുദായങ്ങളിൽപ്പെട്ട പലർക്കും പെൺകുട്ടി ഋതുമതിയായാൽ വിവാഹിതയാകാൻ യോഗ്യയായി എന്ന തെറ്റായ ധാരണ നിലവിലുണ്ട്.
19. ആദിവാസി പരമ്പരാഗത ആചാരപ്രകാരം വിവാഹബന്ധത്തിൽ ഏർപ്പെട്ട ചിലർക്കെതിരെയെങ്കിലും ശൈശവ വിവാഹ നിരോധന നിയമപ്രകാരം കേസെടുക്കുന്നതിന് പകരം പോക്സോ നിയമപ്രകാരം കേസെടുത്തതായും ശക്തമായ ആരോപണം ചില ആദിവാസി നേതാക്കളുടെ ഇടയിലുണ്ട്.
20. കേരളത്തിൽ എല്ലാ പ്രായത്തിലുമുള്ള കുട്ടികൾ ലൈംഗിക ചൂഷണങ്ങൾക്കിരകളാകുന്നു. കൗമാരപ്രായത്തിലുള്ള പെൺകുട്ടികളാണ് കൂടുതൽ ചൂഷണങ്ങൾക്ക് ഇരകളാകുന്നത്. പ്രത്യേകിച്ചും 14 മുതൽ 18 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളാണ് ഏറ്റവും അധികം പീഡിപ്പിക്കപ്പെടുന്നത്.
21. വിവാഹ വാഗ്ദാനം നൽകി പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ലൈംഗിക ചൂഷണങ്ങൾക്ക് ഇരകളാക്കി പിന്നീട് അവരെ ഉപേക്ഷിക്കുന്ന സാഹചര്യങ്ങൾ വർദ്ധിച്ചുവരുന്നു.
22. പോക്സോ കേസുകളിൽ 18 വയസ്സിനുതാഴെയുള്ള പ്രതികളുടെ എണ്ണം ഗൗരവമായ പഠനത്തിന് വിഷയമാക്കേണ്ടതാണ്.18 നും 40 നും ഇടയിൽ പ്രായമുള്ള യുവാക്കൻമാരാണ് പോക്സോ കേസുകളിൽ ഏറ്റവുമധികം പ്രതികളായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.
23. കോടതികളിലെത്തുന്ന പോക്സോ കേസുകളുടെ നടപടിക്രമങ്ങൾ നിയമം അനുശാസിക്കുന്ന രീതിയിൽസമയബന്ധിതമായി പൂർത്തിയാകുന്നില്ല.ഇത്തരം കേസുകൾ മാത്രം നടത്താനുള്ള കോടതികളുടെ അഭാവമാണ് പ്രധാന കാരണം.

24. പോക്സോ നിയമം അനുശാസിക്കുന്ന ക്രമീകരണങ്ങളും നടപടിക്രമങ്ങളും പല കോടതികളും പാലിക്കുന്നില്ല.

25. പോക്സോ കേസുകൾ നടത്തുന്ന ജഡ്ജിമാർ തെളിവുകൾ അപഗ്രഥിക്കുന്നതും കുറ്റം വിധിക്കുന്നതും സാധാരണ ക്രിമിനൽ കേസുകളിലേതുപോലെയാണെന്ന ആരോപണം നിയമവൃത്തങ്ങളിലുള്ള പലർക്കുമുണ്ട്.

26. പോക്സോ കേസുകളിലെ ഇരകളെ സഹായിക്കാനായി സപ്പോർട്ട് പേഴ്സൺ എന്ന സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

27. കോടതി നടപടികൾ പൂർത്തിയായവയിൽ വളരെ ചെറിയ ശതമാനം പ്രതികൾ മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളൂ. ഇക്കാര്യത്തിൽ അൽപ്പമെങ്കിലും കൂടുതൽ പ്രതികൾ ശിക്ഷിക്കപ്പെട്ടത് വയനാട് ജില്ലയിലാണ്.

28. വയനാട് ജില്ലയിൽ ശിക്ഷിക്കപ്പെട്ട പ്രതികളിൽ 34 ശതമാനം പേർ പട്ടിക വർഗ്ഗ വിഭാഗക്കാരാണ്.

29. പോക്സോ കേസുകളിൽ ഇരകളെയും കുടുംബാംഗങ്ങളെയും പണം നൽകിയും രാഷ്ട്രീയ സ്വാധീനമുപയോഗിച്ചും കേസുകൾ ഒത്തുതീർപ്പാക്കുന്ന പ്രവണത കൂടുതലാണ്.

30. പീഡനത്തിനിരകളായ കുട്ടികളിൽ ശരാശരി മൂന്നിലൊന്ന് പേർ മാത്രമേ പുനരധിവാസ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കപ്പെടുന്നുള്ളൂ.

31. കോടതി വിചാരണ സമയത്ത് പുനരധിവാസ കേന്ദ്രങ്ങളിൽ കഴിയുന്ന ഇരകളുടെ കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്. മറിച്ച് വീടുകളിലേക്ക് തിരിച്ച് പോകുന്ന ഇരകളുടെ ബന്ധുക്കളുടെമേൽ സ്വാധീനം ചെലുത്തി കേസിൽ നിന്നും പിന്തിരിയുന്നത് കൂടുതലായി കാണുന്നു.

32. ഇരകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിച്ചിട്ടുള്ളത് വിരലിൽ എണ്ണാവുന്ന ഏതാനും പേർക്ക് മാത്രമാണ്.

33. പോക്സോ നിയമവും ശൈശവ വിവാഹ നിരോധന നിയമവും സംബന്ധിച്ച് ശരിയായ ബോധവത്ക്കരണം നൽകാൻ കേരളത്തിൽ പൊതുവിലും ആദിവാസി, മുസ്ലീം വിഭാഗങ്ങൾക്കിടയിൽ പ്രത്യേകിച്ചും കൂടുതൽ നടപടികളുണ്ടാകേണ്ടതുണ്ട്.

34. പല ജില്ലകളിലെയും ഷെൽട്ടർഹോമുകളുടെ പ്രവർത്തനം അശാസ്ത്രീയവും കുട്ടികൾക്ക് സുരക്ഷ ഉറപ്പുവരുത്താത്തതുമാണ്.

35. ഷെൽട്ടർ ഹോമിൽ താമസിക്കുന്ന കുട്ടികളിൽ പലർക്കും മറ്റുള്ളവരിൽ നിന്ന് വിവേചനം നേരിടുന്നതായി പരാതിയുണ്ട്.

# അദ്ധ്യായം 6 – ശുപാർശകൾ (*Recommendations*)

ഗവേഷണ പഠനത്തിന്റെയും വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ പോക്സോ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി കേരള സർക്കാർ, സംസ്ഥാന ബാലാവകാശ കമ്മീഷൻ, കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ സംവിധാനങ്ങൾ എന്നിവയുടെ പരിഗണനക്കായി താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. പോക്സോ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട എല്ലാവരും യോജിച്ച്ഉണ്ടാക്കുന്ന സംവിധാനങ്ങൾ (ശിശു ക്ഷേമ സമിതി) എല്ലാ പഞ്ചായത്തിലും ഉറപ്പാക്കുക.
2. സംസ്ഥാന-ജില്ലാ തലങ്ങളിൽ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുക.
3. പോക്സോ നിയമം സംബന്ധിച്ച ഭേദഗതികളും ഉന്നതകോടതികളിലെ നിർദ്ദേശങ്ങളും സംബന്ധിച്ച്ജഡ്ജിമാർ, അഭിഭാഷകർ, അദ്ധ്യാപകർ,ഡോക്ടർമാർ, പോലീസ്, പൊതുപ്രവർത്തകർ എന്നിവർക്ക് പ്രത്യേക പരിശീലനം നിർബന്ധമാക്കുക.
4. പോക്സോ നിയമവും ശൈശവ വിവാഹ നിരോധന നിയമവും സംബന്ധിച്ച് സ്ക്കൂളുകൾ, അംഗൺവാടികൾ, ആദിവാസി ഊരുകൾ, കേന്ദ്രീകരിച്ച് മാതാപിതാക്കൾക്കും കൗമാരപ്രായക്കാരായ കുട്ടികൾക്കും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
5. ആദിവാസി പരമ്പരാഗത നിയമങ്ങളും രാജ്യത്തെ പൊതുനിയമങ്ങളും തമ്മിലുള്ള ബന്ധവും വ്യത്യാസങ്ങളും സംബന്ധിച്ച് ആദിവാസി നേതാക്കൻമാർ, ഊരുമൂപ്പൻമാർ, സാമൂഹ്യ പ്രവർത്തകർ, ആദിവാസി യുവജനങ്ങൾ എന്നിവർക്ക് ശരിയായ അവബോധം നൽകുക.
6. എല്ലാ സ്ക്കൂളുകളിലും സ്ക്കൂൾ കൗൺസിലർമാർ ഉണ്ടെന്ന് ഉറപ്പാക്കുകയും വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി കൗൺസിലർമാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക.
7. സ്ക്കൂളുകളിൽ കൗൺസിലിംഗിനുവേണ്ടി പ്രത്യേകം സൗകര്യമൊരുക്കുകയും എല്ലാ വിദ്യാർത്ഥികളും കൗൺസിലറുമായി ഇടക്കിടെ സംഭാഷണം നടത്തുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
8. സ്ക്കൂൾ കൗൺസിലർമാരോടൊപ്പം കുട്ടികളോട് ആഭിമുഖ്യമുള്ള ഏതാനും അദ്ധ്യാപകരെ തിരഞ്ഞെടുത്ത് പോക്സോ നിയമം സംബന്ധിച്ച് അവബോധം നൽകുകയും കുട്ടികളിൽ ആത്മവിശ്വാസം വളർത്താനാവശ്യമായ മാർഗ്ഗങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുക.
9. ക്ലാസ്സ് ടീച്ചർമാർ സാധിക്കുന്നിടത്തോളം തങ്ങളുടെ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് കുടുംബസാഹചര്യങ്ങൾ മനസ്സിലാക്കി പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരെ സംബന്ധിച്ച് സ്ക്കൂൾ കൗൺസിലർമാർമാർക്ക് നിർദ്ദേശം നൽകുന്നത് നല്ലതായിരിക്കും.

10. ഓരോ പോലീസ് സ്റ്റേഷനിലെയും ജുവനൈൽ പോലീസ് അംഗങ്ങൾക്ക് കുട്ടികളുടെ കേസുകളിൽ പൂർണ്ണമായി ശ്രദ്ധ പതിപ്പിക്കാൻ സാധിക്കുന്ന രീതിയിൽ ചുമതലകൾ ക്രമീകരിക്കുക.ഒരു കേസ് പൂർത്തിയാകുന്നതുവരെയുള്ള ചുമതല ഒരേ വ്യക്തിക്ക് തന്നെ നൽകുക.
11. പോക്സോ നിയമം അനുശാസിക്കുന്ന സപ്പോർട്ട് പേഴ്സൺ സംവിധാനം ബന്ധപ്പെട്ട എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.സപ്പോർട്ട് പേഴ്സണായി നിയമിക്കപ്പെടുന്ന വ്യക്തി കുട്ടിക്ക് താൽപ്പര്യമുള്ള അദ്ധ്യാപികയോ, ആ പ്രദേശത്ത് കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധിയോ ആകുന്നത് ഉചിതമായിരിക്കും.
12. ആദിവാസി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്ക്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാൻ കൂടുതൽ ഫലപ്രദമായി കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുക.
13. ആദിവാസി ഭവനങ്ങളുടെ സുരക്ഷ സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മുൻഗണന നൽകുക.
14. പോക്സോ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ടി എല്ലാ ജില്ലകളിലും ഒന്നോ അതിലധികമോ പ്രത്യേക കോടതികൾ ആരംഭിക്കുക.
15. കോടതികളിൽ മൊഴിമാറ്റാൻ കുട്ടികളെ പ്രേരിപ്പിക്കുന്നവർക്കെതിരെ ശക്തമായ നടപടികളെടുക്കാൻ ജഡ്ജിമാരും പോലീസ് ഉദ്യോഗസ്ഥരും തയ്യാറാകുക. അതിനായി ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുക.
16. കേരളത്തിലെ കുട്ടികൾക്കുവേണ്ടിയുള്ള പുനരധിവാസ കേന്ദ്രങ്ങൾ സംബന്ധിച്ച് ഒരു വിദഗ്ദ ഏജൻസിയെക്കൊണ്ട് പഠനം നടത്തി പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയവും ശിശുസൗഹൃദവുമാക്കാൻ നടപടികളെടുക്കുക.
17. പുനരധിവാസ കേന്ദ്രങ്ങളിൽ നിന്നും വീടുകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന ഇരകളുടെ മാനസികരോഗ്യവും അവർ മറ്റുള്ളവരുടെ തെറ്റായ സ്വാധീനത്തിൽപ്പെടുന്നില്ല എന്ന കാര്യവുംഉറപ്പുവരുത്താൻ ബന്ധപ്പെട്ട സി.ഡബ്ല്യൂ.സി സംവിധാനങ്ങൾ ഏർപ്പെടുത്തുക.
18. സപ്പോർട്ട് പേഴ്സന് ഫലപ്രദമായി പ്രവർത്തിക്കാൻ ആവശ്യമായ സാമ്പത്തിക-സാമൂഹ്യ-സുരക്ഷ ക്രമീകരണങ്ങൾ ഉറപ്പാക്കുക.
19. പോക്സോ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം വിക്റ്റിം കോമ്പൻസേഷൻ ഫണ്ടിൽ നിന്നും യഥാസമയങ്ങളിൽ ലഭിക്കുന്നു എന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തുക.
20. ലൈംഗിക ചൂഷണങ്ങൾക്കിരകളായ പെൺകുട്ടികൾക്കുണ്ടാകുന്ന കുഞ്ഞുങ്ങളുടെ സംരക്ഷണവും വളർച്ചയും ഉറപ്പാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾക്ക്സി. ഡബ്ല്യൂ.സി വേണ്ട നടപടികളെടുക്കുക.

# ഉപസംഹാരം

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഗൗരവമായി കണക്കിലെടുക്കേണ്ട കുറ്റമാണ് എന്ന ബോദ്ധ്യത്തിലാണ് പോക്സോ നിയമം കൊണ്ടുവന്നത് എന്നാണ് നമ്മുടെ വിശ്വാസം. കഴിഞ്ഞ ദിവസങ്ങളിൽ ഈ നിയമപ്രകാരം കുറ്റവാളികൾക്ക് കടുത്ത ശിക്ഷ നിശ്ച യിച്ചുകൊണ്ടുള്ള ഓർഡിനൻസും പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതി ക്രമങ്ങൾ നേരിടുന്നതിനും സമാനമായ രീതിയിൽ നിരവധി നിയമങ്ങൾ നമ്മുടെ രാജ്യത്ത് നില വിലുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഏതെങ്കിലും വലിയ അതിക്രമം മാധ്യമങ്ങൾ ഉയർത്തിക്കൊണ്ടുവരുമ്പോൾ ജനവികാരം തണുപ്പിക്കാൻ ചില നടപടികളും പ്രഖ്യാപനങ്ങളും നടത്തുന്നത് മാറിമാറി വരുന്ന എല്ലാ സർക്കാരുകളുടെയും ശൈലിയാണ്. അതിക്രമങ്ങൾ തട യുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ പ്രസ്തുത സംവിധാനങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താനോ അതിക്രമങ്ങൾ ഉണ്ടാകാത്ത സാഹചര്യങ്ങൾ സൃഷ്ടിക്കാനോ കാര്യമായ ഇടപെടലുകളൊന്നും ഉത്തരവാദിത്വപ്പെട്ട ഭരണ കർത്താക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നത് ദു:ഖകരമാണ്.

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം അർത്ഥവ ത്തായി നടപ്പിലാക്കേണ്ടത് സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും മാത്രം ചുമതലയല്ല. ഓരോ പ്രദേശത്തെയും ജനങ്ങളുടെ കൂട്ടായ്മ ഇക്കാര്യം നെഞ്ചിലേറ്റി ഭാവിതലമുറയോടുള്ള തങ്ങ ളുടെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്.അത് സാധ്യമാകാൻ ഓരോ പ്രദേശത്തും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, മനുഷ്യാവകാശ സംഘടനകൾ, സ്ത്രീ കൂട്ടായ്മകൾ എന്നിവർ വഹിക്കേണ്ട പങ്ക് വളരെ വലുതാണ്. അതിക്രമങ്ങളെ ചെറുക്കാൻ നിയമങ്ങൾ മാത്രം പോരാ, നിയമങ്ങളെ ആയുധമാക്കി ശക്തമായി ഉപയോഗിക്കുന്ന ജനമനസ്സും ഉയർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വലിയ അവകാശങ്ങൾ ഉള്ള ചെറിയ മനുഷ്യരാണ് നമ്മുടെ കുട്ടികൾ, അവരെ മനുഷ്യരായി കണ്ട് നീതി ഉറപ്പുവരുത്തേണ്ടത് ഓരോരുത്തരുടെയും കടമ യാണ്.

**“അക്രമരഹിതവും സുരക്ഷിതവുമായ സമൂഹത്തിൽ ജീവിക്കുവാനും ബാല്യം ആസ്വദിക്കുവാനുമുള്ള കുഞ്ഞുങ്ങളുടെ വലിയ അവകാശത്തെ നമുക്ക് മാനിക്കാം. അവരുടെ സ്വകാര്യതയിലും അന്തസ്സിലും കൈകടത്താതെ ആരോഗ്യപ്രദമായ അന്തരീക്ഷത്തിൽ വളരുവാനുള്ള അവസരം നമ്മുടെ കുട്ടികൾക്കായി ഒരുക്കാം.”**